# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTAP4-1166/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 14/12/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTAP4-1166/23 തീയ്യതി: 14/12/2023

## പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2023 | 29-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-11-2023 | 29-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സജി എ, ഓഡിറ്റ് ഓഫീസർ

ശ്രീ ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അനിൽ കുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ദീപ കെ എസ്, ഓഡിറ്റർ

കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജി കുളത്തുങ്കൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ രാജേഷ് ആർ | സെക്രട്ടറി | 01-04-2022 | 12-10-2022 |
| ശ്രീമതി മിനി ആർ നായർ | സെക്രട്ടറി | 13-10-2022 | 16-01-2023 |
| ശ്രീമതി അനിൽ വി എൻ | സെക്രട്ടറി | 17-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കെസ്സി എം റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ ബിജു തോമസ്സ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷിബി മോൾ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ സുജ എം എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 27-12-2022 |
| ഡോ ജോസ്മിന യോഹന്നാൻ തോമസ്സ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 28-12-2022 | 31-03-2023 |
| ശ്രീമതി അരുണിമ എം എൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സരസ്വതി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 01-12-2022 |
| ശ്രീ രാഘവൻ പി സി | അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ-ചാർജ്) | 02-12-2022 | 31-03-2023 |
| ശ്രീ പ്രശാന്ത് പി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-12-2022 |
| ശ്രീമതി സ്വപ്ന എസ് പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 31-12-2022 | 31-03-2023 |
| ഡോ രാഹുൽ ആർ നായർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ ജോവി ജോൺ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 21-07-2022 |
| ഡോ ഷീജ ബി ജെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 22-07-2022 | 13-02-2023 |
| ഡോ ദേവി ലക്ഷ്മി വി ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 14-02-2023 | 31-03-2023 |
| ഡോ ശ്രുതി ആർ എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം)) | 01-04-2022 | 31-03-2023 |
| ശ്രീ ആകാശ് ജി കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 28-07-2022 |
| ശ്രീ ഷാൻകുമാർ കെ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29-07-2022 | 22-08-2022 |
| ശ്രീ റോബിൻ മാത്യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-08-2022 | 12-10-2022 |
| ശ്രീ സജൻദാസ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13-10-2022 | 31-03-2023 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 30-10-2022 |

| | | | |
|---|---|---|---|
| ശ്രീ ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 31-10-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ചട്ടപ്രകാരമുള്ള പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ മൂല്യനിർണയം കൃത്യമല്ല | 1-1-3 |
| 5 | വസ്തു നികുതി- ഡിസിബി തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായിരേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | നീക്കിയിരിപ്പ് തുക, ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല | 1-1-7 |
| 9 | ചെലവുകൾ തെറ്റായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തു. | 1-1-8 |
| 10 | അഡ്വാൻസ് ക്രമീകരിച്ചില്ല | 1-1-9 |
| 11 | നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | തൊഴിൽനികുതി ഡിമാൻഡ്, കളക്ഷൻ തുകകൾ കൃത്യമല്ല | 1-1-11 |
| 13 | വാടകക്കുടിശ്ശിക കൃത്യമല്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി ചെലവുകൾ | 1-6 |
| 20 | ക്ഷേമ പെൻഷനുകൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന. | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | തനത് വിഭവ സമാഹരണം-അവലോകനം | 1-11 |
| 25 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-12 |
| 26 | ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 1-13 |
| 27 | സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 1-14 |
| 28 | വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു | 1-15 |
| 29 | വസ്തുനികുതി കുടിശ്ശിക ഇനത്തിൽ വൻ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു | 1-16 |
| 30 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു | 1-17 |
| 31 | ലഭിച്ച ഫണ്ടുകൾ യഥാസമയം വിനിയോഗിച്ചില്ല– പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിഷ്ക്രിയമായിക്കിടക്കുന്നത് 3.5 കോടി രൂപ | 1-18 |
| 32 | അഞ്ചു മുക്ക് റോഡ് പുനരുദ്ധാരണം- പ്രവൃത്തിയുടെ കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല | 1-19 |
| 33 | കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിന് സ്റ്റാന്റും പൈപ്പും - 2.52 ലക്ഷം രൂപയുടെ പാഴ്ചെലവ് | 1-20 |
| 34 | ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണിന്റെ വിലയായി നൽകിയത് 2.13 ലക്ഷം രൂപ | 1-21 |
| 35 | കമ്മ്യൂണിറ്റി സോക്പിറ്റ് സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-22 |
| 36 | റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന സ്പെസിഫിക്കേഷൻ അവലംബിച്ചു - 18691 | 1-23 |

| | | |
|---|---|---|
| | രൂപയുടെ അധികചെലവ് | |
| 37 | എസ്റ്റിമേറ്റ് റീവൈസ് ചെയ്ത് അംഗീകാരം വാങ്ങിയതിൽ അപാകത | 1-24 |
| 38 | ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല | 1-25 |
| 39 | നിർമ്മാണ പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല | 1-26 |
| 40 | വാഹനത്തിന്റെ ലോഗ് ബുക്ക്-കൃത്യതയില്ലാത്ത രേഖപ്പെടുത്തൽ. | 1-27 |
| 41 | റോഡ് കണക്ടിവിറ്റി പദ്ധതി - തുടർനടപടികൾ സ്വീകരിച്ചില്ല | 1-28 |
| 42 | ചിറ്റാർ മാർക്കറ്റിലെ മാലിന്യ സംസ്കരണം - പഞ്ചായത്തിന്റെ ഇടപെടൽ അനിവാര്യം | 1-29 |
| 43 | പഞ്ചായത്ത് വക ഭൂമിയും കെട്ടിടങ്ങളും ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള കമ്മിറ്റി തീരുമാനം നടപ്പിലാക്കിയില്ല | 1-30 |
| 44 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രവർത്തന അവലോകനം | 1-31 |
| 45 | പദ്ധതി നിർവ്വഹണം ഫലപ്രാപ്തിയിൽ എത്തുന്നത് സംബന്ധിച്ച അവലോകനമില്ല | 1-32 |
| 46 | ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങിയത് നിഷ്ഫലം | 1-33 |
| 47 | ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-34 |
| 48 | ആവശ്യകത ഉറപ്പാക്കാതെ ഫോൾഡിംഗ് വോക്കർ വാങ്ങി | 1-35 |
| 49 | മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-36 |
| 50 | മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-37 |
| 51 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി- ചട്ടങ്ങൾ പാലിക്കുന്നില്ല | 1-38 |
| 52 | ദുരിതാശ്വാസ നിധി കാര്യക്ഷമമല്ല. | 1-39 |
| 53 | കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. | 1-40 |
| 54 | അഗതിരഹിത കേരളം പദ്ധതി- പൂർണ്ണമായും ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല | 1-41 |
| 55 | വാതിൽപ്പടി സേവനത്തിനായി വാങ്ങിയ ലാപ്ടോപ്പ് സ്റ്റോക്കിലെടുത്ത് ഉപയോഗപ്രദമാക്കേണ്ടതാണ് | 1-42 |
| 56 | എസ് എസ് കെ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-43 |
| 57 | പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന സ്പെസിഫിക്കേഷൻ അവലംബിച്ചു - 18691 രൂപയുടെ അധികചെലവ് | 3-1 |
| 2 | ബോണ്ട് സ്റ്റോൺ ഉപയോഗിച്ച് പാർശ്വഭിത്തി നിർമ്മാണം- അധികമായി തുക അനുവദിച്ച് നൽകി | 3-2 |
| 3 | കമ്മ്യൂണിറ്റി സോക്ക് പിറ്റ് സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-3 |
| 4 | കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിന് സ്റ്റാന്റും പൈപ്പും - 2.52 ലക്ഷം രൂപയുടെ പാഴ്ച്ചെലവ് | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 8 | ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21-07-2023 ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 22-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ,

തീയതി 14.12.2023 — ജില്ല ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട

### 1-1-1 ചട്ടപ്രകാരമുള്ള പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ മൂല്യനിർണയം കൃത്യമല്ല

ആസ്തി രജിസ്റ്റർ കൃത്യമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 വസ്തു നികുതി- ഡിസിബി തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ (ഷെഡ്യൂൾ I-1, RP-43, B-15) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-5 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായിരേഖപ്പെടുത്തിയിട്ടില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. ഈ ഇനത്തിലുള്ള ഡിമാന്റ് എൻട്രികൾ 31-03-2023-ൽ ഒറ്റത്തവണയായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-6 നീക്കിയിരിപ്പ് തുക, ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി 4 പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-7 ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല

ഷെഡ്യൂൾ ബി7 - വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അതിനാൽ നീക്കിയിരിപ്പ് തുകയായ 1027602രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-8 ചെലവുകൾ തെറ്റായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തു.

ഷെഡ്യൂൾ ബി 11(c)- നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുകകൾ ആസ്തിയായി ഉൾപ്പെടുത്തി.

## 1-1-9 അഡ്വാൻസ് ക്രമീകരിച്ചില്ല

ഷെഡ്യൂൾ - B18- (A) രസീത് ബുക്കുകളുടെ വിലയായി ഗ്രാമലക്ഷ്മി മുദ്രാലയത്തിനു നൽകിയ20262രൂപ ക്രമീകരിച്ചിട്ടില്ല.

(B) മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെഎസ്ഇബി, കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ്, പിഡബ്ല്യുഡി എന്നിവിടങ്ങളിൽ നിക്ഷേപിച്ച തുകകൾ, പ്രവൃത്തി പൂർത്തീകരിച്ച മുറയ്ക്ക് വാർഷിക കണക്കുകളിൽ ആസ്തി ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.
(C)നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ(242722 രൂപ) ക്രമീകരിച്ചിട്ടില്ല.

## 1-1-10 നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി4 പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-11 തൊഴിൽനികുതി ഡിമാൻഡ്, കളക്ഷൻ തുകകൾ കൃത്യമല്ല

ഷെഡ്യൂൾ I-1, RP-1&RP45- തൊഴിൽനികുതി ഡിമാൻഡ്, കളക്ഷൻ തുകകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

## 1-1-12 വാടകക്കുടിശ്ശിക കൃത്യമല്ല

ഷെഡ്യൂൾ ബി 15- വാടകക്കുടിശ്ശിക – വാടക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

## 1-2 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 23.03.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 23.03.2023ലെ കമ്മറ്റി അംഗീകാരം അംഗീകാരം നൽകി. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവും ഇപ്രകാരമാണ്.

| ഇനം | ബജറ്റ് പ്രകാരം | റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 6202341 | 29755556 | |
| വരവ് | 171102000 | 48725454 | |
| ആകെ | 177304341 | 78481010 | 147689365 |

| | | | |
|---|---|---|---|
| ചെലവ് | 173731000 | 46070972 | 151576904 |
| നീക്കിയിരിപ്പ് | 3573341 | 32410038 | |

## 1-3 സാമ്പത്തിക വിശകലനം

| റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|
| 29755556 | |
| 48725454 | |
| 78481010 | 147689365 |
| 46070972 | 151576904 |
| 32410038 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23707530 | 23707530 | 19902763 | 3804767 |
| വികസനഫണ്ട് (SCP) | 0 | 8808000 | 8808000 | 8808000 | 0 |
| വികസനഫണ്ട് (TSP) | 0 | 1892000 | 1892000 | 1850516 | 41484 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 3252016 | 9001815 | 12253831 | 2380959 | Bank- 5522057 Lapse- 4350815 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 1535506 | 3266326 | 4801832 | 3663491 | Bank- 1109706 Lapse- 28635 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9786000 | 9786000 | 9639145 | 146855 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6301000 | 6301000 | 6147673 | 153327 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | |
| ശുചിത്വ മിഷൻ | 2856705 | 0 | 2856705 | 35300 | 2821405 |
| Life State Share | 2029000 | 1845000 | 3874000 | 0 | 3874000 |
| കേരളോത്സവം | 20000 | 0 | 20000 | 19420 | 580 |
| Best Panchayat Award | 300000 | 0 | 300000 | 0 | 300000 |
| ശബരിമല ഗ്രാന്റ് | 6135462 | 2443000 | 8578462 | 6675 | 8571787 |
| **കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | |
| സപ്ലിമെൻററി ന്യൂട്രീഷൻ ഐ.സി.ഡി.എസ് | 989977 | 906552 | 1896529 | 1132577 | 763952 |
| ഹെൽത്ത് ഗ്രാന്റ് 1 | 0 | 266527 | 266527 | 0 | 266527 |
| ഹെൽത്ത് ഗ്രാന്റ് 2 | 0 | 162244 | 162244 | 0 | 162244 |
| ടോട്ടൽ സാനിട്ടേഷൻ | 71920 | 0 | 71920 | 0 | 71920 |
| തൊഴിലുറപ്പ് പദ്ധതി | 0 | 34740072 | 34740072 | 34712452 | 27620 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ടിനം | ഇനം (സോഴ്സ് ഡിഡക്ഷൻ) | കുറവു ചെയ്ത തുക തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 569132 |

| | | |
|---|---|---|
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | 1007400 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 211396 |
| വികസന ഫണ്ട്-റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 853801 |

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 169380959 | 180 | 67371737 | 14 | 54 | 78.23 |

(2) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 1200000 | 1200000 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 4 | 2 | 1473019 | 1023724 |
| 3 | കൃഷി ഓഫീസർ | 12 | 11 | 5875903 | 3049822 |
| 4 | സെക്രട്ടറി | 49 | 32 | 10672009 | 6954124 |
| 5 | വെറ്ററിനറി സർജൻ | 9 | 8 | 6599700 | 5699700 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29 | 17 | 103890311 | 20726728 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19 | 19 | 7889004 | 5077039 |
| 9 | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 840200 | 840200 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 13 | 2399972 | 1824769 |
| 11 | ഹെഡ്മാസ്റ്റർ | 4 | 4 | 1110692 | 1022670 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 98 | 80 | 26895149 | 19484106 |
| 13 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 475000 | 444855 |
| 14 | ഫിഷറീസ് ഓഫീസർ | 1 | 1 | 60000 | 24000 |
| | **ആകെ** | 248 | 194 | 169380959 | 67371737 |

## 1-6 തൊഴിലുറപ്പ് പദ്ധതി ചെലവുകൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 919535 | 919535 | 891915 | 27620 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 33820537 | 33820537 | 33820537 | |
| ആകെ | 0 | 34740072 | 34740072 | 34712452 | |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2337800 | 224 |
| വിധവാപെൻഷൻ | 8309000 | 831 |
| വാർദ്ധക്യകാല പെൻഷൻ | 19796500 | 2010 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2545200 | 253 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 243000 | 24 |
| തൊഴിൽരഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.23, 11.25 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,918 (ആയിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ) രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. 2023 നവംബർ 11 വരെയുള്ള മിനിട്സ്, സകർമ്മയിൽ ക്ലോസ്സ് ചെയ്തിട്ടുണ്ട്. ആസ്തി രജിസ്റ്റർ കൃത്യമല്ല. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല. പഞ്ചായത്തിനു ലഭിക്കുന്ന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുന്നില്ല.

TR 7 Aക്യാഷ്ബുക്കും രജിസ്റ്ററും പരിപാലിച്ചിട്ടില്ല

2/7/2006 ലെ ജി.ഒ.(പി) നം.177/2006/ധന ഉത്തരവിലെ ധന വിനിയോഗ മാർഗരേഖ അനുസരിച്ച്, നിർവഹണ ഉദ്യോഗസ്ഥർ അതത് ഓഫീസിലെ ഫോറം 7A ക്യാഷ് ബുക്കിൽ പ്രൊജക്ടുകളുടെ വരവു ചെലവുകൾ രേഖപ്പെടുത്തേണ്ടതും പദ്ധതി ചെലവുകളുടെ വിശദാംശങ്ങൾ സബ്സിഡിയറി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന നിർവഹണ ഉദ്യോഗസ്ഥർ അത്തരത്തിലുള്ള ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിച്ചിട്ടില്ല.

1. ഹെഡ്മാസ്റ്റർ

2. മെഡിക്കൽ ഓഫീസർ (പി എച്ച് സി)

സബ്സിഡിയറി ക്യാഷ് ബുക്ക് പരിപാലിക്കാത്ത നിർവഹണ ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

1. അസിസ്റ്റന്റ് സെക്രട്ടറി
2. മെഡിക്കൽ ഓഫീസർ (ആയുർവേദം)
3. വെറ്റിനറി സർജൻ
4. കൃഷി ഓഫീസർ

സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ക്യാഷ്ബുക്കും രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 25.10.2016 -05.11.2016 | 2011-12 മുതൽ 2015-16 | 03.01.2017 |
| പെർഫോമൻസ് ഓഡിറ്റ് | 01-07-2022 | 01-2022 മുതൽ 03-2022 വരെ | 24.07.2022 |

## 1-11 തനത് വിഭവ സമാഹരണം-അവലോകനം

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്ക പുറമെയുള്ള പ്രധാന വരുമാന മാർഗങ്ങൾ. 2022-23 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | വസ്തുനികുതി | 5200000 | 3800625 |
| 2 | തൊഴിൽ നികുതി | 1300000 | 1157146 |
| 3 | ലൈസൻസ് ഫീസ് | 400000 | 189500 |
| 4 | വാടക | 1785000 | 1726190 |
| 5 | ബിൽഡിംഗ് പെർമിറ്റ് ഫീസ് | 425000 | 107797 |

**തൊഴിൽ നികുതി**

തൊഴിൽ നികുതിയുടെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുക(വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത്)യുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ജീവനക്കാർ | 905,336 | 905,336 | 0 |
| ട്രേഡേഴ്സ് | 143940 | 143940 | 0 |
| ഇൻസ്റ്റിറ്റ്യൂഷൻ | 107,870 | 107,870 | 0 |

തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിന് മുകളിൽ തൊഴിലെടുക്കുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൗണ്ടന്റ്, ഇൻഷ്വറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നു. മതിയായ ഡേറ്റാബേസിന്റെ അഭാവമാണ് പ്രധാന കാരണം. സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുമ്പോൾ ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**വസ്തു നികുതി**

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമാണ് വസ്തു നികുതി. ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളുണ്ട്. സഞ്ചയ പ്രകാരമുള്ള വസ്തുനികുതിയുടെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ആകെ ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ |
| 1672179 | 3739097 | 5411276 | 816147 | 3129316 | 3945463 | 856032 | 609781 | 1465813 |

സഞ്ചയ കണക്കുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുണ്ട്. വസ്തു നികുതി കടിശ്ശിക ഇനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വസ്തു നികുതി കടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ

ശ്രദ്ധക്ഷണിക്കുന്നു.

**വസ്തു നികുതി പരിഷ്കരണം**

05.04.2023 ലെ സ.ഉ .നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് ചിറ്റാർ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് (09.08.2023 ലെ 2(1)- ാം തീരുമാനം) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കുന്നതിനായി പരസ്യം നല്കി യോഗ്യതയുള്ള 7 പേരെ തിരഞ്ഞെടുത്തിരുന്നെങ്കിലും നിലവിൽ 3 പേർ മാത്രമാണ് ഇതിൽ പങ്കാളികളാകുന്നത്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ/ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ, നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 38ഓളം ഫോം 9B അപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ, ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സേവന ഉപനികുതി ഈടാക്കുന്നില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 207 (1) ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ(കുറഞ്ഞത് 10%) ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ നികുതി ഈടാക്കുന്നില്ല. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതായതിനാൽ ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**നികുതിയേതര വരവുകൾ**

ലൈസൻസ് ഫീസ്, മാർക്കറ്റ് സ്റ്റാൾ/ഷോപ്പിംഗ് കോപ്ലക്സ് വാടക, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ്, ലേലത്തുക എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും എല്ലാ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകൾ, ക്ഷീരസംഘങ്ങൾ എന്നിവയെല്ലാം തന്നെ ലൈസൻസ് പരിധിയിൽ കൊണ്ട് വരേണ്ടതാണ്. പഞ്ചായത്ത് വക മാർക്കറ്റ് സ്റ്റാൾ/ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകയിനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കേണ്ടതും വാടകയ്ക്ക് നല്കാത്ത കടമുറികൾ ലേലം ചെയ്ത് നല്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

വസ്തു നികുതി ഒഴികെയുള്ള വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതിയുടെ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നടത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നീ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 2 | നാൻസി ഫിൻകോർപ്പ് | രണ്ടാം അർദ്ധവർഷം |
| 3 | ബെവ്കോ ചിറ്റാർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ഇ.ഡി.സി.എൽ പവർ പ്രൊജക്ട് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി(നം.19/25.11.2023) നല്കിയിരുന്നു. സ്ഥാപനങ്ങൾക്ക് കത്ത് നല്കിയിട്ടുണ്ടെന്നും തുക ഈടാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നീ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മുത്തൂറ്റ് മൈക്രോ ഫിൻകോർപ്പ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 2 | നാൻസി ഫിൻകോർപ്പ് | രണ്ടാം അർദ്ധവർഷം |
| 3 | പോസ്റ്റോഫീസ്, നീലിപിലാവ് | രണ്ടാം അർദ്ധവർഷം |
| 4 | പോസ്റ്റോഫീസ്, കാരിക്കയം | ഒന്നാം അർദ്ധവർഷം |
| 5 | പോസ്റ്റോഫീസ്, പാമ്പിനി | ഒന്നാം അർദ്ധവർഷം |
| 6 | നെടുംപറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ് | ഒന്നാം അർദ്ധവർഷം |
| 7 | അക്ഷയ സെന്റർ, ചിറ്റാർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | യൂണിവേഴ്സൽ കോളേജ്, ചിറ്റാർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | വയ്യാറ്റുപുഴ ക്ഷീരോല്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | പടയണിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.19/25.11.2023) മറുപടിയായി സ്ഥാപനങ്ങൾക്ക് അടിയന്തിരമായി നോട്ടീസ് നല്കി നികുതി പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ(സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള കെട്ടിടങ്ങൾ വസ്തു നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് വിവരം | റിമാർക്സ് |
|---|---|---|---|
| 1 | 3/473 | വികാരി, സെൻറ്ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി,ചിറ്റാർ | പള്ളിയോട് അനുബന്ധമായി പാരിഷ് ഹാൾ നിർമ്മിച്ചിട്ടുണ്ട്. ആയത് നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല |
| 2 | 4/68 | പ്രസിഡൻറ് എസ് എൻ ഡി പി, ചിറ്റാർ | നിലവിലെ ആരാധനാലയത്തോട് ചേർന്ന് പുതിയ ഹാൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയത് നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല |
| 3 | 4/69 | പ്രസിഡൻറ് സെക്രട്ടറി എസ് എൻ ഡി പി,ചിറ്റാർ | നിലവിലുള്ള അസംബ്ലി ഹാളിന്റെ മുകളിൽ അതെ അളവിൽ പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ നികുതി നിർണ്ണയിച്ചിട്ടില്ല |

മേൽ ചേർത്തിട്ടുള്ള കെട്ടിടങ്ങളെ നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കിയതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി(നം.17/25.11.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 ൽ പരാമർശിച്ചിട്ടുള്ള ഉപയോഗക്രമമനുസരിച്ചുള്ള (പൊതുആരാധനാലയങ്ങൾ, മതപാഠശാലകൾ, എയ്ഡഡ് കോളേജുകൾ, സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും വിദ്യാഭ്യാസാവാശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾ, അനാഥാലയങ്ങൾ, കളിസ്ഥലങ്ങൾ, വായനശാല, രോഗികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന ആശുപത്രികൾ) കെട്ടിടങ്ങളെ മാത്രമാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. മേൽ കെട്ടിടങ്ങളെ അവയുടെ ഉപയോഗ ക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-14 സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള ചുവടെ കൊടുത്തിരിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ മേൽവിലാസം | തറ വിസ്തീർണ്ണം(ച മീ) |
|---|---|---|---|
| 1 | 3/193 | വില്ലേജ് ആഫീസർ, വില്ലേജ് ആഫീസ്,ചിറ്റാർ | 78 |
| 2 | 11/170 | ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് കമ്മ്യൂണിറ്റി ഹാൾ, കട്ടച്ചിറ | 20 |
| 3 | 13/266 | ഡിസ്റ്റിക് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ്ഡിപ്പാർട്ട്മെൻറ്, പടയനിപ്പാറ | 18 |

മേൽ സൂചിപ്പിച്ചിട്ടുള്ള സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/22.11.2023) പ്രസ്തുത കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

2022-23 വർഷം പഞ്ചായത്ത് വക മാർക്കറ്റ് സ്റ്റാൾ/ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക കുടിശ്ശിക ഇനത്തിൽ 447213 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. കുടിശ്ശികയുള്ളവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറി നം | ഉടമയുടെ പേര് | പ്രതിമാസ വാടക+ജി എസ് റ്റി | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | 18 | ശശി, കല്ലുംപുറത്ത് | 7604+1369 | ജനുവരി മുതൽ മാർച്ച് വരെ | 26919 |
| 2 | 19 | ജോബി, | 2161+390 | ഏപ്രിൽ | 30612 |

| | | | | | |
|---|---|---|---|---|---|
| | | കല്ലുവിളയിൽ | | മുതൽ മാർച്ച് വരെ | |
| 3 | 19(1) | അജിമോൻ എം എസ്, മോഴിയാട്ട തറയിൽ | 2185+393 | നവംബർ മുതൽ മാർച്ച് വരെ | 12890 |
| 4 | 23 | ഹബീബ്, താഴെപറമ്പിൽ | 2258+406 | ഏപ്രിൽ മുതൽ മാർച്ച് വരെ | 31968 |
| 5 | 30 | യൂനുസ്, വലിയപാറയ്ക്കൽ | 1260+227 | ഏപ്രിൽ മുതൽ മാർച്ച് വരെ | 17844 |
| 6 | 31 | സിനിമോൻ, താമരപ്പള്ളിൽ | 1260+227 | ഏപ്രിൽ മുതൽ മാർച്ച് വരെ | 17844 |
| 7 | 32 | സിനിമോൻ, താമരപ്പള്ളിൽ | 998+180 | ഏപ്രിൽ മുതൽ മാർച്ച് വരെ | 14136 |
| 8 | 10(കംഫർട്ട് സ്റ്റേഷൻ പിരിവ് ഉൾപ്പടെ) | യൂനുസ്, വലിയപാറയ്ക്കൽ | 25000+4500 | ജൂൺ മുതൽ മാർച്ച് വരെ | 295000 |
| | | ആകെ | | | 447213 |

കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുക്കാത്തതിന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-28/27.11.2023) മറുപടി ലഭ്യമാക്കിയില്ല. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ച് കുടിശ്ശിക തുക ഈടാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി കുടിശ്ശിക ഇനത്തിൽ വൻ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു

പഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക സഞ്ചയ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ആകെ ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ |
| 1672179 | 3739097 | 5411276 | 816147 | 3129316 | 3945463 | 856032 | 609781 | 1465813 |

വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് വിവരം | കുടിശ്ശിക തുക |
|---|---|---|---|
| 1 | 2/633 | മാനേജർ, ബി.എസ്.എൻ.എൽ, ചിറ്റാർ | 150150 |
| 2 | 3/564 | ജനറൽ മാനേജർ ബി എസ് എൻ എൽ, മണക്കയം | 115500 |
| 3 | 2/43 B | പി വി ഏബ്രഹാം, ഒഴവൻ മണ്ണിൽ,പന്നിയാര് | 6640 |
| 4 | 2/300 | മോളി തോമസ്, പുതുപറമ്പിൽ,ചിറ്റാർ | 5230 |
| 5 | 2/554 | ഫാത്തിമ റെജിമോൾ, പുത്തൻപുരക്കൽ,ചിറ്റാർ | 10192 |
| 6 | 2/555 | ഫാത്തിമ റെജിമോൾ,പുത്തൻപുരക്കൽ,ചിറ്റാർ | 7645 |
| 7 | 3/452 | കെ.എം ബഷീർ, പുത്തൻപുരയിൽ,ചിറ്റാർ | 7506 |
| 8 | 3/531 | സത്യവ്രതൻ, പീടികയിൽരേവതി,ചിറ്റാർ, | 35949 |
| 9 | 3/579 | ഷൈജു ദാനിയേൽ, കൊന്നക്കൽ,മണക്കയം | 9084 |
| 10 | 3/603 | കെ.എം.ബഷീർ, പുത്തൻപുരയിൽ,മണക്കയം | 70770 |
| 11 | 4/3 | വിജയമ്മ വിജയൻ, കണ്ണാട്ടുതറയിൽ,ചിറ്റാർ | 5801 |

| | | | |
|---|---|---|---|
| 12 | 4/238 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ,ചിറ്റാർ | 22880 |
| 13 | 4/239 | റേഞ്ച് ഓഫീസർ,ഫോറസ്റ്റ് സ്റ്റേഷൻ,ചിറ്റാർ | 11625 |
| 14 | 4/240 | റേഞ്ച് ഓഫീസർ,ഫോറസ്റ്റ് സ്റ്റേഷൻ,ചിറ്റാർ | 17345 |
| 15 | 4/241 | റേഞ്ച് ഓഫീസർ,ഫോറസ്റ്റ് സ്റ്റേഷൻ,ചിറ്റാർ | 14890 |
| 16 | 4/401 | യൂസഫ് ഫാത്തിമാബീവി, എഴിവീട്ടൽ,ചിറ്റാർ | 5102 |
| 17 | 4/450 | റ്റി എ ഷാജഹാൻ,താന്നിമൂട്ടിൽ,മൂന്നുകല്ല്,ചിറ്റാർ | 5436 |
| 18 | 4/502 | പ്രകാശ് പി പുന്നൂസ്, മേപ്പാരത്തിൽ | 8166 |
| 19 | 4/549 | യൂസഫ്, എഴിവീട്ടിൽ,ചിറ്റാർ | 5250 |
| 20 | 4/558 | തോമസ് ഫിലിപ്പ്, ചെറുപുളിച്ചിയിൽ,ചിറ്റാർ | 37800 |
| 21 | 4/573 | വി ജി തോമസ്, ചിറ്റാർ | 13608 |
| 22 | 4/718 | റീബാ സാറാ കോശി, പടനിലത്ത് ഹൌസ്,ചിറ്റാർ | 8672 |
| 23 | 4/745 | സൂരജ് ബാബു, മേലൂട്ട് വിളയിൽ | 43366 |
| 24 | 5/552 | സുദീപ് എം എസ്, മുരുപ്പേൽ,ചിറ്റാർ | 10455 |
| 25 | 5/650 | ചാർളി,നടുക്കേപ്പുരയിൽ,ചിറ്റാർ | 6825 |
| 26 | 5/658 | മീരാ സാഹിബ്,ചരിവുകാലായിൽ,ചിറ്റാർ | 5765 |
| 27 | 8/254 | സജികുമാർ, പഞ്ചവടി,വയ്യാറ്റുപഴ | 8550 |
| 28 | 8/454 | ഫിലിപ്പോസ്, വള്ളിപറമ്പിൽ,വയ്യാറ്റുപുഴ | 6560 |
| 29 | 8/488 | ഷിൻറോമോൻ,പനച്ചക്കുഴിയിൽ,ആനപ്പാറ,വയ്യാറ്റുപുഴ | 8510 |
| 30 | 9/83 | ശ്രീലാൽ, കുഴികണ്ടത്തിൽ,മൺപിലാവ്,വയ്യാറ്റുപുഴ | 6805 |
| 31 | 12/624 | കെ ഇ ജോർജ്,കൊട്ടുരുഴത്തിൽ,ചിറ്റാര് | 6355 |
| 32 | 12/723 | പി കെ രാജൻ,പുതുപറമ്പിൽ,ചിറ്റാർ | 7762 |
| 33 | 12/760 | പ്രസാദ് പി എസ്,പ്ലാംകൂട്ടത്തിൽ,തെക്കേക്കര,ചിറ്റാർ | 6664 |

മേൽ വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.27/27.11.2023) മറുപടി ലഭ്യമാക്കിയില്ല. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് അടിയന്തിരമായി കുടിശ്ശിക തുക പിരിച്ചെടുക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-17 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | റിവൈവ് ഹെൽത്ത് കെയർ ഹോസ്പിറ്റൽ, ചിറ്റാർ |
| 2. | എസ് എ ആർ മെഡിക്കൽ ക്ലിനിക്, ചിറ്റാർ |
| 3. | ഡി കെയർ ഡെന്റൽ ക്ലിനിക്, ചിറ്റാർ |
| 4. | പ്രശാന്ത് ലബോറട്ടറി, ചിറ്റാർ |
| 5. | മൈക്രോലാബ്, ചിറ്റാർ |
| 6. | മെഡിക്യുവർ ഹോസ്പിറ്റൽ, മൂന്നുകല്ല് |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക്, 1997ലെ കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ 3(1)ചട്ട പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ലഭിച്ച ഫണ്ടുകൾ യഥാസമയം വിനിയോഗിച്ചില്ല- പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ

## നിഷ്ക്രിയമായിക്കിടക്കുന്നത് 3.5 കോടി രൂപ

വിവിധ ആവശ്യങ്ങൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളും ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളും വിവിധ സർക്കാർ ഏജൻസികളും ഗ്രാമപ്പഞ്ചായത്തിനു നൽകിയ ഫണ്ടുകൾ ചെലവഴിച്ചിട്ടില്ല. ഇത് പഞ്ചായത്തിലെ ധന മാനേജ്മെന്റിന്റെ വീഴ്ചയാണ്. രേഖകൾ പരിശോധിച്ചതിൽ 3.5 കോടി രൂപയാണ് ഇപ്രകാരം ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 31.03.2023ലെ നീക്കിയിരിപ്പ് തുക |
|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 4999146 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5492138 |
| ഹെൽത്ത് ഗ്രാന്റ് | 428771 |
| ICDS കേന്ദ്ര വിഹിതം | 763952 |
| പശ്ചിമഘട്ട വികസനഫണ്ട് | 73292 |
| ശുചിത്വ മിഷൻ ഫണ്ട് | 2821405 |
| ശബരിമല ഗ്രാന്റ് | 8571787 |
| സി എഫ് സി ഗ്രാന്റ് | 6631763 |
| ടോട്ടൽ സാനിട്ടേഷൻ | 71920 |
| മറ്റുള്ളവ | 5814953 |

മേൽപ്പറഞ്ഞ പട്ടിക പരിശോധിച്ചാൽ, ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പോഷകാഹാര വിതരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തിലെ ഒഴിവാക്കാനാവാത്ത വിവിധ വികസന/ക്ഷേമ പ്രവർത്തനങ്ങൾക്കായി ലഭിച്ച ഫണ്ടുകളാണ് ഇപ്രകാരം പൊതുജനത്തിന് പ്രയോജനപ്പെടാതെ നിഷ്ക്രിയാവസ്ഥയിലുള്ളതെന്നു കാണാം. 2017-18 മുതൽ ലഭിച്ച ഫണ്ടുകളാണിവയിലധികവും.

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഫണ്ടുകൾ വകമാറ്റിച്ചെലവഴിക്കാനുള്ള സാദ്ധ്യതയുണ്ട്.

### ശബരിമല ഗ്രാന്റ് - പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ശബരിമല ഗ്രാന്റിനത്തിൽ ലഭിച്ച 85.71 ലക്ഷം രൂപ തനതു ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഈ ആവശ്യത്തിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ട് വകമാറ്റിച്ചെലവഴിക്കാൻ സാദ്ധ്യതയുണ്ട്. ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനാണ് സർക്കാർ എല്ലാ വർഷവും ഫണ്ട് നൽകുന്നത്. 31.03.2023 ൽ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച ഗ്രാന്റ് തുക | ചെലവഴിച്ചത് | അവശേഷിച്ച തുക |
|---|---|---|---|
| 2017-18 | 1500000 | 0 | 1500000 |
| 2018-19 | 1500000 | 1219714 | 280286 |
| 2019-20 | 1500000 | 379996 | 1120004 |
| 2020-21 | 1730000 | 178236 | 1551764 |
| 2021-22 | 1730000 | 46592 | 1683408 |
| 2022-23 | 2443000 | 6675 | 2436325 |
| ആകെ | 10403000 | 1831213 | 8571787 |

ഈ വിഷയം ഓഡിറ്റ് എൻക്വയറി (29/27.11.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. നടപ്പു വർഷം തീർത്ഥാടകരുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി ഗ്രാന്റ് തുക വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു.

പഞ്ചായത്തിൽ ലഭ്യമായ ഫണ്ടുകൾ പഞ്ചായത്തിന്റെ വിവിധ വികസന ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 1-19 അഞ്ചു മുക്ക് റോഡ് പുനരുദ്ധാരണം- പ്രവൃത്തിയുടെ കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പമ്പ് ഹൗസ് ഒറ്റത്തെങ്ങിൽപടി പാമ്പിനി അഞ്ചുമുക്ക് റോഡ് പുനരുദ്ധാരണം ( 166/22, 55/23) |
| അടങ്കൽ | 838600 (MG_R) |
| കരാറുകാരൻ | ശ്രീ വർഗ്ഗീസ്.പി.എം |
| എഗ്രിമെന്റ് നം. | 36/AE/LSGD/CTR/2021-22 Dated 13-01-2022 |
| PAC | 747713 + 12% Gst |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 13-04-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 20-02-2023 |
| എം.ബുക്ക് നം. | 01/22-23 |
| ചെലവ് തുക, ബിൽ നം., തീ. | 2105115200190151556O/30-03-2022 – 192391/- (Part Bill)<br>2205115200190130 3217/06-03-2023 – 599002/- (Final Bill) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എൻജിനീയർ |

ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ ഉൾപ്പെട്ട പാമ്പിനി അഞ്ചുമുക്ക് റോഡിൽ പൊട്ടി പൊളിഞ്ഞ ഭാഗം റീ കോൺക്രീറ്റ് ചെയ്യുന്നതിനും, ബാക്കി ഭാഗം റീ ടാറിംഗ് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതിൽ കോൺക്രീറ്റിംഗ് പ്രവൃത്തികൾ 2021-22 വർഷം പൂർത്തീകരിക്കുകയും തുക നൽകുകയും ചെയ്തു. ടാറിംഗ് പ്രവൃത്തികൾ 2022-23 വർഷമാണ് പൂർത്തീകരിച്ചത്.

എഗ്രിമെന്റ് പ്രകാരം 13-01-2022- ൽ ആരംഭിച്ച പ്രവൃത്തി 13-04-2022-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഫൈൻ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഫൈൻ ഈടാക്കിയില്ല. ചുവടെ പറയും പ്രകാരം ഫൈൻ ഈടാക്കേണ്ടതായിരുന്നു

| | |
|---|---|
| കരാർ തീയതി | 13-01-2022 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 13-04-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 20-02-2023 |
| പിഴയില്ലാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി (കരാർ കാലയളവിന്റെ 20% അധിക സമയം) | 30-04-2022 |
| 01-05-2022 മുതൽ 31-07-2022 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 1%) | 7477/- |
| 01-08-2022 മുതൽ 31-10-2022 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 14954/- |
| 01-11-2022 മുതൽ 31-01-2023 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 14954/- |
| 01-02-2023 മുതൽ 19-02-2023 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (18 ദിവസം, കരാർ തുകയുടെ 2%) | 2991/- |
| ആകെ ഫൈൻതുക | 40376/- |

മുകളിൽ പറഞ്ഞത് പ്രകാരം 40376/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതായിരുന്നു. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി(നം.16/23 തീയതി 23-11-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഇനത്തിലുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക വരവ് നഷ്ടമായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-20 കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിന് സ്റ്റാന്റും പൈപ്പും - 2.52 ലക്ഷം രൂപയുടെ പാഴ്ചെലവ്

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിന് സ്റ്റാന്റും പൈപ്പും ( 97/22, 48/23) |
| അടങ്കൽ | 266200 (എസ്.സി.പി ഫണ്ട്) |
| കരാറുകാരൻ | ശ്രീ സജയകുമാർ |
| എഗ്രിമെന്റ് നം. | 52/AE/LSGD/CTR/2021-22 Dated 10-03-2022 |
| PAC | 233258 + 12% GST |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 20-02-2023 |
| എം.ബുക്ക് നം. | 52 A/21-22 |
| പ്രവൃത്തി മൂല്യം | 233258/-<br>(.01% Below) |
| കരാറുകാരൻ | സജയകുമാർ.കെ |
| ചെലവ് തുക, ബിൽ നം., തീ. | 261223/-<br>22051152001900094525/11-05-2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എൻജിനീയർ |

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ കോളനികളിൽ 283500 രൂപ ചെലവഴിച്ച് 5000 ലിറ്ററിന്റെ നാല് വാട്ടർടാങ്ക് വാങ്ങി നൽകിയിരുന്നു. വാട്ടർ ടാങ്കുകൾക്ക് സ്റ്റാന്റും പൈപ്പും സ്ഥാപിച്ച് ടാപ്പ് വഴി കോളനി നിവാസികൾക്ക് കുടിവെള്ളം സുഗമമായി ലഭ്യമാക്കുന്നതിനായാണ് 2022-23 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുകളിൽ പറഞ്ഞത്പ്രകാരം പ്രോജക്ട് തയ്യാറാക്കി പദ്ധതിപ്പണം ചെലവഴിച്ചത്


കോതാട്ടുപാറയിൽ സ്ഥാപിച്ച സ്ററാൻഡ്


കട്ടച്ചിറ കോളനിയിൽ സ്ഥാപിച്ച സ്റ്റാന്റും ടാങ്കും

പാമ്പിനി കോളനി (വാർഡ് 2), കോതാട്ടുപാറ (വാർഡ് 5), കട്ടച്ചിറ (വാർഡ് 11), പത്തേക്കർ കോളനി (വാർഡ് 12) എന്നീ കോളനികളിൽ മുൻപ് നൽകിയിട്ടുള്ള വാട്ടർ ടാങ്ക് തറയിലാണ് വെച്ചിരുന്നത്. 2017-18 വർഷം നൽകിയതായിരുന്നെങ്കിലും കോളനി നിവാസികൾക്ക് പ്രയോജനപ്പെട്ടിരുന്നില്ല. ഇരുമ്പ് സ്റ്റാന്റുകൾ സ്ഥാപിച്ച് ആയത് തറയിൽ കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കുകയും അതിന്മേൽ സ്റ്റാന്റ് സ്ഥാപിച്ച് ടാങ്ക് വെയ്ക്കുകയും അതിൽ നിന്നും പൈപ്പ് ഇട്ട് ടാപ്പ് സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് എം.ബുക്ക് പ്രകാരം അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | നൽകിയ തുക |
|---|---|---|
| 1 | ഇരുമ്പ് സ്റ്റാന്റ് നിർമ്മാണം | 53528.72x4 = 214114.88/- |
| 2 | സ്റ്റാന്റ് വക്കുന്നതിനാവശ്യമായ കുഴിയെടുക്കൽ, കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കൽ, പൈപ്പ് ഫിറ്റിംഗ്സും ടാപ്പ് സ്ഥാപിക്കലും | 4785.78 X 4 = 19143.12 |
| | ആകെ | 233258/- |

233258 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് ചുവടെ പറയും പ്രകാരം തുക നൽകി

| | |
|---|---|
| പ്രവൃത്തി മൂല്യം | 233258 |
| കുറയ്ക്കുക ( .01 %) | 23 |
| ബാക്കി തുക | 233235 |
| Add 12 % Gst | 27988 |
| ആകെ | 261223 |
| Tax Deductions (4%) | 9328 |
| കരാറുകാരന് നൽകിയ തുക | 251895 |

കരാറുകാരന് തുക നൽകിയെങ്കിലും പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ലായെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. സ്റ്റാന്റുകൾ നിർമ്മിച്ചുവെങ്കിലും തറയിൽ ഉറപ്പിച്ച് കോൺക്രീറ്റിംഗ് നടത്തുകയോ വെള്ളം ലഭിക്കുന്നതിന് ആവശ്യമായ രീതിയിൽ പൈപ്പുകൾ ഇട്ട് ടാപ്പ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. കട്ടച്ചിറ കോളനിയിൽ ടാങ്ക് സ്ഥാപിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ്. ഓഡിറ്റിന്റെ ഭാഗമായി ഭൗതിക പരിശോധനയ്ക്ക് ചെന്ന അവസരത്തിൽ, പ്രയോജനമില്ലാത്ത ടാങ്കും സ്റ്റാന്റും തന്റെ സ്ഥലത്തുനിന്നും നീക്കം ചെയ്യണമെന്ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരോട് സ്ഥലമുടമ ആവശ്യപ്പെട്ടു. കോതാട്ടുപാറ കോളനിയിൽ സ്റ്റാന്റും ടാങ്കും രണ്ട് സ്ഥലത്തായാണ് വച്ചിരിക്കുന്നത്. മറ്റ് രണ്ട് കോളനികളിലും സ്റ്റാന്റ് വച്ച് അതിന് മുകളിൽ ടാങ്ക് സ്ഥാപിച്ചതല്ലാതെ എം.ബുക്കിൽ രേഖപ്പെടുത്തിയ മറ്റ് പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. നാല് കോളനികളിലും സ്റ്റാന്റ് നിർമ്മിച്ച് വച്ചതല്ലാതെ എം.ബുക്കിൽ രേഖപ്പെടുത്തിയ മറ്റ് യാതൊരു പ്രവർത്തനങ്ങളും നടത്തിയില്ല. സ്ഥാപിച്ച സ്റ്റാന്റ് തന്നെ തുരുമ്പെടുത്ത് നശിക്കുന്ന നിലയിലാണ്. അഞ്ച് വർഷം മുൻപ് വാങ്ങിയ ടാങ്കുകൾ ഉപയോഗിക്കാതിരുന്നതിനാൽ ഇനിയും വെള്ളം നിറച്ച് ഉപയോഗിക്കാൻ കഴിയാത്ത നിലയിലാണെന്നാണ് ഭരണസമിതി അംഗങ്ങൾ അറിയിച്ചത്. ഇത്തരമൊരു അവസ്ഥയിൽ ഉപയോഗശൂന്യമായ ടാങ്കുകൾ വയ്ക്കുന്നതിനായി സ്റ്റാന്റ് നിർമ്മാണം എന്ന ഒരു പുതിയ പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കിയത് ഗ്രാമപഞ്ചായത്തിന്റെ ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫലത്തിൽ നാല് കോളനികളിലെയും നിവാസികൾക്ക് നിലവിൽ ടാങ്കിൽ നിന്നും വെള്ളം ലഭിക്കുന്നില്ല.

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് എൻജിനീയർ വിശദീകരണം നൽകണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/23 തീയതി 27-11-2023) മറുപടി ലഭ്യമാക്കിയില്ല. എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലും പ്രോജക്ട് ഫലപ്രാപ്തിയിലെത്താത്തതിനാലും ചെലവ് തുകയായ 251895 രൂപ പാഴ്ചെലവായി കണക്കാക്കുന്നു. ചെലവ് തുക കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് എൻജിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-21 ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണിന്റെ വിലയായി നൽകിയത് 2.13 ലക്ഷം രൂപ

**2022-23** സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് (DR Masonry) Bond Stone ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള സ്പെസിഫിക്കേഷനും (DSR 75.7.1) നിരക്കുമാണ് അവലംബിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള Bond Stone ഈ പ്രവൃത്തികൾക്കൊന്നുംതന്നെ ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി.

Bond Stone ഉപയോഗിച്ചുള്ള നിർമ്മാണത്തിന് 5988.21/cum നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ Bond Stone ഉപയോഗിക്കാതെയുള്ള സാധാരണ പാറകെട്ടിന് 5047.6/cumനിരക്കാണ് അനുവദനീയമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**Bond Stone ഉപയോഗിച്ചുള്ള നിർമ്മാണം**

**75.7.1**
**DRY RUBBLE MASONRY _ Random Rubble Masonry With Hard Stone, Including Through/Bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Etc. Complete As Per Approved Drawing And Relevant Technical Specifications.**

| Mord SOR Code | Description | Unit | Quantity | Rate Rs | Cost Rs |
|---|---|---|---|---|---|
| | Unit = Cum<br>**A)Material** | | | | |
| **M-148** | Stone For RR Masonry | Cum | 1.0 | 1222.08 | 1222.08 |
| **M-361** | Through Bond Stone<br>(7 Nos 0.24x0.24x0.39=0.16cum) | No | 7.0 | 52.75 | 369.25 |
| | **B)Labour** | | | | |
| **L-12** | Mate | Day | 0.12 | 617.00 | 74.04 |
| **L-11** | Mason (1st Class) | Day | 1.2 | 738.00 | 885.60 |
| **L-29** | Mazdoor (Unskilled) | Day | 1.8 | 558.00 | 1004.40 |
| **L-21** | Bhisti | Day | 0.08 | 617.00 | 49.36 |
| Cost Of 1 Cum | | | | | 3604.73 |
| Add Overhead 10% | | | | | 360.47 |
| Total | | | | | 3965.2 |
| Add CP 10% | | | | | 396.52 |
| Total | | | | | 4361.72 |
| Add Cost Index 37.29% | | | | | 1626.49 |

| Grand Total | 5988.21 |
|---|---|

**Bond Stone ഉപയോഗിക്കാതെയുള്ള നിർമ്മാണത്തിന് അർഹമായ നിരക്കിന്റെ വിവരം:**

| Mord SOR Code | Description | Unit | Quantity | Rate Rs | Cost Rs |
|---|---|---|---|---|---|
| | Unit = Cum<br>**A)Material** | | | | |
| M-148 | Stone For RR Masonry | Cum | 1.0 | 1222.08 | 1222.08 |
| | **B) Labour** | | | | |
| **L-11** | Mason (1st Class) | Day | 1.0 | 738.00 | 738.00 |
| **L-12** | Mate | Day | 0.12 | 617.00 | 74.04 |
| **L-29** | Mazdoor (Unskilled) | Day | 1.8 | 558.00 | 1004.40 |
| Cost Of 1 Cum | | | | | 3038.52 |
| Add Overhead 10% | | | | | 303.85 |
| Total | | | | | 3342.37 |
| Add CP 10% | | | | | 334.24 |
| Total | | | | | 3676.61 |
| Add Cost Index 37.29% | | | | | 1371.01 |
| Grand Total | | | | | 5047.62 |

മേൽ വിശദമാക്കിയ പ്രകാരം Bond Stone ഉപയോഗിച്ചും, ഉപയോഗിക്കാതെയുമുള്ള നിരക്കുകൾ തമ്മിൽ ഘന മീറ്ററിന് 940.59 രൂപയുടെ വ്യത്യാസമാണുള്ളത്.

ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ സംഗതിയിൽ കല്ല് കെട്ടിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ ഘനമീറ്ററിന് 940.59 രൂപ നിരക്കിൽ (ടെണ്ടർ വ്യതിയാനം അനുസരിച്ച്) കരാറുകാർക്കുള്ള ബില്ലിൽനിന്നും തുക കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. കരാറുകാർക്ക് അനർഹമായി നിരക്ക് അനുവദിച്ച ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.(കോളം 3-ൽ രേഖപ്പെടുത്തിയിരിക്കുന്നത് കരാറുകാർ 1m$^3$ പ്രവൃത്തിക്ക് ഇ-ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്ത നിരക്കാണ്)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | അനുവദിച്ച അളവ്, അനുവദിച്ച് നിരക്ക്, തുക | അനുവദനീയമായ നിരക്ക്, തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | കൈലാസം റോഡിൽ സംരക്ഷണഭിത്തി (വാർഡ്7 )<br>പ്രോജക്ട് നം. 112/23<br>കരാറുകാരൻ - ശ്രീ പി.എം വർഗ്ഗീസ്<br>അടങ്കൽ - 300000 (Mg-r)<br>ചെലവ് - 295290<br>ബിൽ നം., തീ. - 41/21.03.23 | Item No. 1.002<br>15.163 Cum<br>@5988.00<br>= 90796.04 | Item No. 1.002<br>15.163 Cum<br>@5047.62<br>= 76537.06 | 14258.98 |
| 2 | ഈട്ടിച്ചുവട് മീൻകുഴി വയ്യാറ്റുപുഴ റോഡ് നവീകരണവും സംരക്ഷണഭിത്തിയും<br>പ്രോജക്ട് നം. 106/23<br>കരാറുകാരൻ - ശ്രീ സി.എം.മോനച്ചൻ<br>അടങ്കൽ - 285000 (MG_R)<br>ചെലവ് - 284806<br>ബിൽ നം., തീ. – 36/14.03.23 | Item No. 2<br>35.566cum<br>@5988.00<br>= 212969.21 | Item No. 2<br>35.566 Cum<br>@5047.62<br>= 179523.65 | 33445.56 |
| 3 | ചോതിൽപ്പടി- എച്ച്.എസ്.പടി അഞ്ചുമുക്ക് റോഡ് സംരക്ഷണഭിത്തി (വാർഡ് 1 )<br>പ്രോജക്ട് നം.92/23 | Item No. 1.003<br>49.817cum<br>@5988.21 | Item No. 1.003<br>49.817 Cum<br>@ 5047.62 | 46857.36 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ - ശ്രീ സി.എം.മോനച്ചൻ<br>അടങ്കൽ - 477000 (MG-R)<br>ചെലവ് - 464836<br>ബിൽ നം., തീ. 14/22.02.23 | = 298314.65 | = 251457.29 | |
| 4 | പഞ്ചായത്ത്പടി- മണക്കയം റോഡ് സംരക്ഷണഭിത്തി (വാർഡ് 3 )<br>പ്രോജക്ട് നം. 97/23<br>കരാറുകാരൻ-ശ്രീ ഷാജി.എച്ച്<br>അടങ്കൽ - 302000 (MG_R)<br>ചെലവ് - 299988<br>ബിൽ നം, തീയതി - 18/24.02.23 | Item No. 1.003<br>49.817 Cum<br>@5955.00<br>= 296660.24 | Item No. 1.003<br>49.817 Cum<br>@5047.62<br>= 251457.29 | 45202.95 |
| 5 | ഇടനാട്ടിൽപ്പടി റോഡ് സംരക്ഷണഭിത്തി (വാർഡ് 10 )പ്രോജക്ട് നം. 266/23<br>കരാറുകാരൻ-ശ്രീ ഷാജി.എച്ച്<br>അടങ്കൽ - 252000 (MG_R)<br>ചെലവ് - 250535<br>ബിൽ നം, തീയതി - 33/07.03.23 | Item No. 1.003<br>32.839 Cum<br>@5988.21<br>= 196646.83 | Item No. 1.003<br>32.839 Cum<br>@5047.62<br>= 165758.79 | 30888.04 |
| 6 | പഞ്ചായത്ത്പടി- മണക്കയം റോഡ് സംരക്ഷണഭിത്തി-രണ്ടാം ഘട്ടം (വാർഡ് 3 )<br>പ്രോജക്ട് നം. 244/23<br>കരാറുകാരൻ-ശ്രീ ജസ്റ്റിൻ വർഗ്ഗീസ്<br>അടങ്കൽ - 150000 (MG_R)<br>ചെലവ് - 149536<br>ബിൽ നം, തീയതി - 50/21.03.23 | Item No. 1.002<br>17.760 Cum<br>@5988.21<br>= 106350.61 | Item No. 1.002<br>17.760 Cum<br>@5047.62<br>= 89645.73 | 16704.88 |
| 7 | മുരപ്പേൽപ്പടി- പ്രീതാലയം പടി റോഡ് സംരക്ഷണഭിത്തി (വാർഡ് 13 )<br>പ്രോജക്ട് നം. 143/23<br>കരാറുകാരൻ-ശ്രീ ഷാജി.എച്ച്<br>അടങ്കൽ - 252000 (MG_R)<br>ചെലവ് - 251038<br>ബിൽ നം, തീയതി - 35/07.03.23 | Item No. 1.002<br>28 Cum<br>@5988.00<br>= 167664 | Item No. 1.002<br>28 Cum<br>@5047.62<br>= 141333.36 | 26330.64 |
| | ആകെ | | | 213688.41 |

മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം 213688 രൂപ അധികമായി നൽകിയിട്ടുണ്ട്. പ്രസ്തുത അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി(നം.26/27-11-2023 ) നൽകിയിരുന്നു. ബോണ്ട് സ്റ്റോണിന്റെ ലഭ്യതക്കുറവ് മൂലമാണ് ആയത് വെയ്ക്കാതിരുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ മറുപടിയിൽ പറഞ്ഞത്. പാർശ്വഭിത്തിക്ക് ബോണ്ട് സ്റ്റോൺ വെക്കാതെ ആയതിനായി ചെലവഴിച്ച 213688 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി നൽകിയ തുക കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് എൻജിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-22 കമ്മ്യൂണിറ്റി സോക്പിറ്റ് സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചിറ്റാർ മാർക്കറ്റിലും പഞ്ചായത്ത് ഓഫീസ് പരിസരത്തും കമ്മ്യൂണിറ്റി സോക് പിറ്റ് സ്ഥാപിക്കൽ (200/22, 60/23) |
| അടങ്കൽ | 120000- സി.എഫ്.സി ഗ്രാന്റ്<br>280000- ശുചിത്വ മിഷൻ ഫണ്ട് |

| | |
|---|---|
| | ആകെ- 400000/- |
| കരാറുകാരൻ | ശ്രീ സി.എം. മോനച്ചൻ |
| എഗ്രിമെന്റ് നം. | 40/AE/LSGD/CTR/2021-22 Dated 26-02-2022 |
| PAC | 356843 + 12% Gst ( .01% Below) |
| എം.ബുക്ക് നം. | 40 A/21-22 |
| പ്രവൃത്തി മൂല്യം | 295181<br>(.01% Below) |
| ചെലവ് തുക, ബിൽ നം., തീ. | 209829/- Paid On 19-08-2023<br>119997/- Paid On 02-08-2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എൻജിനീയർ |

ഗ്രാമപഞ്ചായത്തിലെ പബ്ലിക് മാർക്കറ്റിലും പഞ്ചായത്ത് പരിസരത്തും മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി ഓട നിർമ്മിച്ച് സോക്പിറ്റ് വഴി നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ, ഗ്രാമപഞ്ചായത്ത് പരിസരത്ത് വെറ്ററിനറി ആശുപത്രിക്ക് മുൻപിലായി നിർമ്മിച്ചിരിക്കുന്ന ഓടയും സോക്പിറ്റും വെള്ളം ഒഴുകി പോകുന്ന രീതിയിലല്ല നിർമ്മിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഓട ആരംഭിക്കുന്നത് നാലു മീറ്റർ വീതിയുള്ള ടാർ റോഡിൽ നിന്നും രണ്ടു മീറ്റർ ദൂരത്തിലാണ്. ടാർ റോഡിന്റെ ചരിവ് മറു വശത്തേക്ക് ആയതിനാൽ വെള്ളം റോഡിൽ നിന്നും ഈ ഓടയിലേക്ക് എത്തുന്നില്ല, മറുവശത്തേക്കാണ് വെള്ളം ഒഴുകിപോകുന്നത്. പഞ്ചായത്ത് ഓഫീസ് പരിസരത്ത് നിന്നുള്ള വെള്ളം ഒഴുക്കിക്കൊണ്ട് പോകുന്നതിനും പ്രസ്തുത ഓട പര്യാപ്തമല്ല. യഥാർത്ഥത്തിൽ ഈ ഓടയുടെ നിർമ്മാണം കൊണ്ട് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. പ്രസ്തുത നിർമ്മാണത്തിനായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തി മൂല്യം 207461 രൂപയാണ് . ടി പ്രവൃത്തിക്കായി കരാറുകാരന് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| പ്രവൃത്തി മൂല്യം | 207461 |
| കുറയ്ക്കുക ( .01 %) | 21 |
| ബാക്കി തുക | 207440 |
| Add 12 % Gst | 24893 |
| ആകെ | 232333 |
| Tax Deductions (4%) | 8296 |
| കരാറുകാരന് നൽകിയ തുക | 224037 |

അശാസ്ത്രീയമായ നിർമ്മിതി മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടാവുകയാണ് ചെയ്തിട്ടുള്ളത്. പതിനാലാം പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ) നം.84/2022/തസ്വഭവ തീയതി 19-04-2022 ) സോക്പിറ്റ് സംവിധാനം ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേനയാണ്േ നടപ്പിലാക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പരിഗണിക്കാതെയാണ് അസ്സിസ്ററന്റ് എൻജിയീയർ മുഖേന പ്രോജക്ട് നടപ്പിലാക്കിയത്.

പ്രസ്തുത വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് എൻജിനീയറുടെ ഭാഗത്തുനിന്നുമുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് അറിയിച്ച് ഓഡിറ്റ് എൻക്വയറി (നം.25/23 തീയതി 27-11-2023) നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, പഞ്ചായത്ത് ഓഫീസിലെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും വില്ലേജ് ഓഫീസിലെയും മലിനജലം ഓട വഴി ഈ സോക്പിറ്റിൽ എത്തിക്കുന്നതിനുവേണ്ടി തുടർ വർഷം പദ്ധതി ഉൾപ്പെടുത്താമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് പ്രവൃത്തി നടപ്പിലാക്കിയത്. എന്നാൽ അടുത്ത വർഷം ടി പ്രവൃത്തി വാർഷിക പദ്ധതിയുടെ ഭാഗമാക്കാതിരുന്നതിനാലാണ് പദ്ധതി ഫലപ്രാപ്തിയിലെത്താതിരുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്.

നിലവിലുള്ള ഓടയും സോക്ക്പിറ്റും മലിനജലം ഒഴുക്കികളയുന്നതിന് പര്യാപ്തമല്ല. അശാസ്ത്രീയമായ നിർമ്മാണം മൂലം പ്രധാന പാതയിൽ നിന്നോ പഞ്ചായത്ത് ഓഫീസ് പരിസരത്ത് നിന്നോ വെള്ളം നിലവിലുള്ള സംവിധാനത്തിലെത്തുന്നില്ല. പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ഗുരുതരമായ പാളിച്ചകൾ ഉണ്ടായി. നിലവിലുള്ള ഓടയുടെ ഘടനയിൽ കാതലായ മാറ്റം വരുത്തിയെങ്കിൽ മാത്രമെ ഇതുകൊണ്ട് പ്രയോജനം ലഭ്യമാകുകയുള്ളൂ. എന്നാൽ ആയതിന് ആവശ്യമായ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചില്ലായെന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ നിന്നും വ്യക്തമാണ്. നിലവിലെ സാഹചര്യത്തിൽ പദ്ധതി നിഷ്ഫലമായി തുടരുന്നതിനാൽ പ്രസ്തുത നിർമ്മാണത്തിനായി ചെലവഴിച്ച 224037 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-23 റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന സ്പെസിഫിക്കേഷൻ അവലംബിച്ച - 18691

## രൂപയുടെ അധികചെലവ്

ഓഡിറ്റ് വർഷം നടപ്പിലാക്കിയ റോഡ് റീ കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കാരണം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. നിലവിലുള്ള കോൺക്രീറ്റ് റോഡുകൾ പോട്ട്ഹോൾ ഫില്ല് ചെയ്ത് 5 സെ.മീറ്റർ മുതൽ 7.5 സെ.മീറ്റർ കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തുന്നതിന് DSR കോഡ് 75.8.1.1.A പ്രകാരമുള്ള ഫോംവർക്ക് ഉൾപ്പെടാത്ത സ്പെസിഫിക്കഷനാണ് ആവലംബിക്കേണ്ടത്. എന്നാൽ ഇവിടെ 75.8.1.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരമാണ് റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ഇതിന് അനുവദിച്ച നിരക്കിൽ ഫോംവർക്കിനുള്ള 4% തുക കൂടി ഉൾപ്പെടുന്നു. ഇപ്രകാരം തെറ്റായ സ്പെസിഫിക്കേഷൻ അവലംബിച്ചതുമൂലം സർക്കാർ ഫണ്ടിന് 18691 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | ഇനം നം. | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാറുകാരന് അനുവദിച്ചത് (DSR 75.8.1.1) | അനുവദനീയമായ നിരക്ക് (DSR 75.8.1.1A) | അധികം നൽകിയത് |
|---|---|---|---|---|
| പള്ളിപ്പടി -കുമരംകുന്ന് റോഡ് നവീകരണം (102/23)<br>അടങ്കൽ - 150000 (MG_R)<br>കരാറുകാരൻ - ശ്രീ ജസ്റ്റിൻ വർഗ്ഗീസ്<br>കരാർ നം. 22/22-23 Dtd 20-12-2023<br>ചെലവ് - 149536<br>ബിൽ നം., തീ. - 50/ 27.02.23 | 1..001 | 13.021<br>@8400.00<br>109376.40 | 13.021<br>@ 8077.68<br>105179.47 | 4196.93 |
| കണ്ണൻപാറ പടി- കൊന്നപ്പാറ പടി റോഡ് നവീകരണം (130/23)<br>അടങ്കൽ - 100000 (MG_R)<br>കരാറുകാരൻ - ശ്രീ മധു.എം.എസ്<br>കരാർ നം. - 08/22-23 Dtd 16-12-2022<br>ചെലവ് - 99907<br>ബിൽ നം. തീ. 17/ 25/02/23 | 1.001 | 9.250<br>@8399.00<br>77690.75 | 9.250<br>@8077.68<br>74718.54 | 2972.21 |
| മങ്കാട്ട് കമ്പിളിനേപ്പടി - വില്ലുന്നിപ്പാറ പുളിയാൻ പാറ റോഡ് കോൺക്രീറ്റ് (119/23)<br>അടങ്കൽ - 250000 (MG_R)<br>കരാറുകാരൻ - ശ്രീ ജസ്റ്റിൻ വർഗ്ഗീസ്<br>കരാർ നം.23/22-23 Dtd 20-12-2022<br>ചെലവ് - 249718<br>ബിൽ നം., തീ. 23/dtd 25/02/2023 | 1.001 | 22.201<br>@8398<br>186444.00 | 22.201<br>@8077.68<br>179332.57 | 7111.43 |
| ആമക്കുന്ന റോഡ് റീ കോൺക്രീറ്റ് (264/23)<br>അടങ്കൽ - 150000 ( MG_R)<br>കരാറുകാരൻ - ശ്രീ സി.എം മോനച്ചൻ<br>കരാർ നം. - 38/22-23 Dtd 25-01-2023<br>ചെലവ് - 148889<br>ബിൽ നം., തീ. 26 Dtd 01/03/2023 | 2 | 13.65<br>@8400.78<br>114670.65 | 13.65<br>@8077.68<br>110260.33 | 4410.32 |
| ആകെ | | | | 18691 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.31/23 തീയതി 27-11-2023) നൽകിയിരുന്നു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഒഴിവാക്കാമായിരുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയത് മൂലമാണ് ഇപ്രകാരം അധിക ചെലവുണ്ടായത്. ഇപ്രകാരം അധികമായി നൽകിയ 18691 രൂപ ഓഡിറ്റിൽ

നിരാകരിക്കുന്നു. അധികമായി നൽകിയ തുക കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയതിൽ അപാകത

2022-23 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പൂർത്തീകരിച്ച രണ്ട് പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. അടങ്കൽ തുകയിൽ മാറ്റം വരുത്താതെയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്. എന്നാൽ എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി, സാങ്കതികാനുമതി എന്നിവ വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | കട്ടച്ചിറ അംഗനവാടി നവീകരണം (47/23) | പാമ്പിനി അംഗനവാടി ടോയ്‌ലെറ്റ് നിർമ്മാണം (59/23) |
| അടങ്കൽ തുക | 100319 (MG-R) | 100000 (സി.എഫ്.സി) |
| ചെലവ് തുക | 75535 | 98339 |
| എഗ്രിമെന്റ് നമ്പരും തീയതിയും | 30/2021-22 Dtd 05-01-2022 | 53/2021-22 Dtd 21-03-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി (എം.ബുക്ക് പ്രകാരം) | 28-04-2022 | 29-04-2022 |
| റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ച തീയതി | 27-12-2022 | 12-06-2022 |
| റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ച തീയതി | 10-06-2022- ലെ 3/2-ാം നമ്പർ തീരുമാനം | 10-06-2022- ലെ 3/1-ാം നമ്പർ തീരുമാനം |
| ബിൽ നമ്പർ / ചെക്ക് നമ്പരും തീയതിയും | ബിൽ നമ്പർ- 16 Dtd 24-02-2023 | Amount Transfered On 19-08-2022 |

മുകളിൽ സൂചിപ്പിച്ച രണ്ട് പ്രവൃത്തികളിലും എം,ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് സാങ്കേതികാനുമതി, ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പ്രസ്തുത അപാകതക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി ( നം.32/23 തീയതി 28-11-2023) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ കമ്മിറ്റി തീരുമാനം ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായതിന് ശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഗുരുതരവീഴ്ചയുണ്ടായിട്ടുണ്ട്. പ്രസ്തുത അപാകത തുടർ നടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല

പഞ്ചായത്തിൽ ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. അസി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ഇല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലൂടെയാണ് ഇ-ടെണ്ടർ ഫീസ് പിരിച്ചെടുത്തിട്ടുള്ളത്. ഇപ്രകാരം 2022-23 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 65 പ്രവൃത്തികളിലായി ലഭിച്ച 49075 രൂപ ഓഡിറ്റ് തീയതിവരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം വരെയുള്ള ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് വൈഷമ്യം നേരിടുന്നതിനാൽ 02-10-17-ലെ സ.ഉ.(സാധാ)നം.3186/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എസ്.ബി.ഐ യിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി. സർക്കാർ നിർദ്ദേശം പാലിച്ച് പഞ്ചായത്തിൽ ഇ-ടെണ്ടർ ആവശ്യത്തിന് അക്കൗണ്ട് ആരംഭിക്കാതിരുന്നത് വീഴ്ചയാണ്. എത്രയും വേഗം അക്കൗണ്ട് ആരംഭിക്കുന്നതിനും IKM-ആയി ബന്ധപ്പെട്ട് അക്കൗണ്ട് ഇ-ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്യുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽ കാണിച്ചിരിക്കുന്ന പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് ചേർത്തിട്ടുള്ള തുക തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-26 നിർമ്മാണ പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല

2022-23 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 94 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണമാണ് നടന്നിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 10

പ്രവൃത്തികൾ ഒഴികെ ബാക്കിയുള്ള പ്രവൃത്തികളൊന്നും തന്നെ ഇൻഷ്വർ ചെയ്തിട്ടില്ല. അസ്സിസ്റ്റന്റ് എൻജിനീയർ കരാറുകാരന് നൽകിയ ലെറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരം കരാർ വച്ച് കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം പ്രവൃത്തി ഇൻഷ്വർ ചെയ്ത് കരാറുകാരൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇപ്രകാരം പ്രവൃത്തി ഇൻഷ്വർ ചെയ്തില്ലായെങ്കിൽ കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.2% തുക ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്. ആയതിനാൽ 2022-23 വർഷം എഗ്രിമെന്റ് വച്ച എല്ലാ പ്രവൃത്തികളും ഇൻഷ്വർ ചെയ്ത് കരാറുകാരനിൽ നിന്നും ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-27 വാഹനത്തിന്റെ ലോഗ് ബുക്ക്-കൃത്യതയില്ലാത്ത രേഖപ്പെടുത്തൽ.

പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ (KL 62 C 9582) ലോഗ് ബുക്ക് പരിശോധിച്ചതിൽ, 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കുകയോ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഡീസൽ നിറച്ചത് പഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിലല്ല. കൂടാതെ, ഡീസൽ നിറച്ചതിന്റെ വിവരം രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. 228250 രൂപയാണ് തൻവർഷത്തെ ഇന്ധനച്ചെലവ്. പ്രതിമാസ ഇന്ധന ഉപയോഗം, ബാലൻസ് ഇന്ധനത്തിന്റെ അളവ് എന്നീ വിവരങ്ങൾ ലഭ്യമല്ല. വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിച്ചതിന്റെ സർട്ടിഫിക്കറ്റ് ഇല്ല. ലോഗ് ബുക്കിന്റെ 13-ാം കോളത്തിൽ വാഹനം ഉപയോഗിച്ച ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണങ്ങളാൽ പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം, ഇന്ധനച്ചെലവ് എന്നീ കാര്യങ്ങളിൽ സുതാര്യതയില്ല എന്ന് നിരീക്ഷിക്കുന്നു.അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.23/27.11.23) നൽകി. അപാകതകൾ പരിഹരിക്കുമെന്ന് മറുപടി ലഭ്യമാക്കി. ലോഗ് ബുക്ക് പരിപാലനം കൃത്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 റോഡ് കണക്ടിവിറ്റി പദ്ധതി – തുടർനടപടികൾ സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ ( 265/23) |
| അടങ്കൽ | 50000 ( തനത് ഫണ്ട് |
| ചെലവ് തുക, ചെക്ക് നമ്പരും തീയതിയും | 24000. ചെക്ക് നം.652340/25-02-2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എൻജിനീയർ |

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14-09-2021- ലെ യോഗ പ്രകാരം തീരുമാനമെടുത്തിരുന്ന (തീരുമാനം- 4-1) Kerala State Remote Sensing And Enviornment Centreതയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിന്റെയും R-Moble Application- ന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കായി KSREC-ക്കു നൽകേണ്ട തുക തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകും. എന്നാൽ റോഡ് ട്രാക്കിന് ഇന്റർനെറ്റ്, ജി.പി.എസ്, ആൻഡ്രോയിഡ് സൗകര്യം ഉള്ള മൊബൈലും വാഹനവും മനുഷ്യശേഷിയും വേണം. ഇതിന് ടു വീലർ സൗകര്യം ഉള്ള ആൾക്കാരുടെ സേവനമാണ് ഉപയോഗിക്കുന്നത്. വാർഡ് ഒന്നിന് 3000 രൂപ വീതമാണ് ചെലവഴിക്കാൻ സാധിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ റോഡ് കണക്ടിവിറ്റ് മാപ്പ് തയ്യാറാക്കുന്നതിനായി 24000 രൂപ പ്രദീപ് എ.പി എന്നൊരാൾക്ക് മുകളിൽ പറഞ്ഞത് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടിയാനുമായി കരാർ വച്ചിട്ടില്ല. ടി പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.22/23 തീയതി 25-11-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. റോഡ് കണക്ടിവിറ്റിപ്ലാൻ നിലവിൽ തയ്യാറാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 24000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-29 ചിറ്റാർ മാർക്കറ്റിലെ മാലിന്യ സംസ്കരണം – പഞ്ചായത്തിന്റെ ഇടപെടൽ അനിവാര്യം

ശുചിത്വവും – മാലിന്യ സംസ്കരണവും ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചിറ്റാർ മാർക്കറ്റിലെ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുകയോ സംസ്കരിക്കുകയോ ചെയ്യുന്നതിൽ ഗ്രാമപ്പഞ്ചായത്ത് പരാജയമാണ്. ഖരമാലിന്യ നിർമ്മാർജ്ജനത്തിലെ പഞ്ചായത്തിന്റെ ഇടപെടൽ സംബന്ധിച്ച് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ, മാർക്കറ്റ് പ്രദേശമാകെ മാലിന്യം നിറഞ്ഞ നിലയിലാണെന്നു കണ്ടു. മാർക്കറ്റിൽ മഴവെള്ളം ഒഴുകിപ്പോകുന്നതിന് പഞ്ചായത്ത് 2022-23വർഷം സോക്പിറ്റ് നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇത് ഫലപ്രദമല്ല. ഓട നിറയെ പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും കൊണ്ട് മൂടിയതിനാൽ മലിനജലം പുറത്തേക്ക് ഒഴുകുന്നു.



മാലിന്യം നീക്കം ചെയ്യാതിരിക്കുന്നതു തങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും, പഞ്ചായത്തിൽനിന്ന് മാർക്കറ്റ് ക്ലീനിംഗിന് ചുമതലപ്പെടുത്തിയിട്ടുള്ളവർ കൃത്യമായി തങ്ങളുടെ ജോലി നിർവ്വഹിക്കുന്നില്ലായെന്നും, വൃത്തിഹീനമായ സാഹചര്യത്തിൽ മത്സ്യ മാംസാദികളുടെയും പച്ചക്കറികളുടെയും വ്യാപാരം നടത്തേണ്ടിവരുന്നതിനാൽ പൊതുജനങ്ങൾ മാർക്കറ്റിനെ ഉപേക്ഷിക്കുന്ന സ്ഥിതിയാണെന്നും മാർക്കറ്റ് സ്റ്റാളുകളിലെ വ്യാപാരികൾ അറിയിച്ചു.

ഗാർഹിക തല, സ്ഥാപനതല മാലിന്യസംസ്കരണം, അജൈവ മാലിന്യങ്ങളുടെ പുന:ചംക്രമണം എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്ന ഗ്രാമപ്പഞ്ചായത്ത്, തങ്ങളുടെ ഉടമസ്ഥതയിലുള്ള മാർക്കറ്റിലെ ശുചിത്വ സംവിധാനത്തിൽ അലംഭാവം കാട്ടുന്നത് ശരിയായ നടപടിയല്ല. ഈ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-30 പഞ്ചായത്ത് വക ഭൂമിയും കെട്ടിടങ്ങളും ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള കമ്മിറ്റി തീരുമാനം നടപ്പിലാക്കിയില്ല

ഓഡിറ്റ് കാലയളവിലെ ജനറൽ കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ, ചുവടെ ചേർത്തിട്ടുള്ള ആസ്തികൾ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനു തീരുമാനമെടുത്തിട്ടുള്ളതാണെങ്കിലും അവ നാളിതുവരെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | കമ്മിററി തീയതി | തീരുമാന നം. | തീരുമാനം | നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 10.06.22 | 2 | 11-ാം വാർഡിലെ 76- ാംനമ്പർ കുടപ്പനക്കുളം അങ്കണവാടി | സെക്രട്ടറി |
| 2 | 10.06.22 | 2 | 74-ാം നമ്പർ നീലിപിലാവ് അങ്കണവാടി | സെക്രട്ടറി |
| 3 | 12.07,22 | 1 | K.T.തോമസ്, തുണ്ടിയിൽ വീട്, ചിററാർ ദാനാധാര പ്രകാരം(875/2022/1) 2-ാം നം അങ്കണവാടി നിർമ്മാണത്തിനു നൽകിയ സ്ഥലം (സർവ്വേ നം-968,സബ് ഡിവിഷൻ നം-1/1/1 ൽ ഉൾപ്പെട്ട 1 ആർ 21 ച.മീ) | സെക്രട്ടറി |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം.15/23.11.23) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം-3 ലെ ദാനാധാര പ്രകാരം ലഭ്യമായ ഭൂമി, സെക്രട്ടറിയുടെ പേരിൽ പോക്കുവരവ് ചെയ്ത് കരം ഒടുക്കിയിട്ടുമില്ല. പഞ്ചായത്തിനു ലഭ്യമായ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതും ദാനാധാര പ്രകാരം ലഭിച്ച ഭൂമി പോക്കുവരവ് ചെയ്ത് വിശദാംശം ഓഡിററിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-31 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രവർത്തന അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആകെ രജിസ്റ്റർ ചെയ്ത 3660 കുടുംബങ്ങളിൽ 3660 കുടുംബങ്ങൾക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. 383 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. 2022-23ൽ 165 പദ്ധതികൾ നടപ്പിലാക്കുകയും, ആയതിൽ 153 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 24.12.22 ലാണ് അവസാനം സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. പരാതി രജിസ്റ്റർ പരിപാലിക്കപ്പെടുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ

പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അപേക്ഷിച്ചവർക്കെല്ലാം 100 തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയബന്ധിതമായ ഇടപെടൽ ഉറപ്പാക്കേണ്ടതാണ്. പദ്ധതികളുടെ തുടർ മോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്. തൊഴിൽ സ്ഥലങ്ങളിൽ അപകടങ്ങളൊന്നും സംഭവിച്ചിട്ടില്ല. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവൃത്തികളാണ്. തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയതും പഞ്ചായത്തിന് അനുയോജ്യമായതുമായ ജല സുരക്ഷ, സമ്പൂർണ്ണ കിണർ റീ ചാർജ്, കുളം നിർമ്മാണം തുടങ്ങിയ പ്രവൃത്തികളിലൂടെ വിവിധ ജലസ്രോതസ്സുകളുടെ നവീകരണവും നിർമ്മാണവും തുടങ്ങി ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള മറ്റു പദ്ധതികൾ കൂടുതലായി കണ്ടെത്തി നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 പദ്ധതി നിർവ്വഹണം ഫലപ്രാപ്തിയിൽ എത്തുന്നത് സംബന്ധിച്ച അവലോകനമില്ല

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം പഞ്ചായത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾ നടപ്പിലാക്കുന്നത് വഴി ലഭിക്കേണ്ടിയിരുന്ന ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ടോ എന്ന് യാതൊരു വിധ അവലോകനവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം | പ്രോജക്ടിലെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് | ഉദ്ദേശ ലക്ഷ്യം |
|---|---|---|---|---|
| 1 | സമഗ്ര പച്ചക്കറി കൃഷി (റ്റി എസ് പി), 175/23 | 30 | 57375 | പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടൽ |
| 2 | സമഗ്ര പച്ചക്കറി കൃഷി(എസ് സി പി), 172/23 | 50 | 95625 | |
| 3 | സമഗ്ര ഇടവിള കൃഷി (റ്റി എസ് പി), 173/23 | 65 | 97500 | ഭക്ഷ്യവിളകളുടെ വിള വിസ്തൃതിയും ഉത്പാദനക്ഷമതയും വർധിപ്പിക്കൽ |
| 4 | സമഗ്ര ഇടവിള കൃഷി(എസ് എസ് പി), 170/23 | 212 | 318000 | |
| 5 | സമഗ്ര ഇടവിള കൃഷി(ജനറൽ), 165/23 | 333 | 499500 | |
| 6 | സമഗ്ര ഇടവിള കൃഷി(വനിത), 297/23 | 736 | 1104000 | |

| | | | | |
|---|---|---|---|---|
| 7 | ഞങ്ങളും കൃഷിയിലേക്ക്- വാഴകൃഷി, 166/23 | 274 | 322722 | |
| 8 | തേനീച്ച വളർത്തൽ, 167/23 | 200 | 290000 | തേൻ ഉല്പാദനം വർധിപ്പിക്കൽ |
| 9 | ഫലവൃക്ഷ സുഗന്ധദ്രവ്യ വിള തൈകൾ, 183/23 | 135 | 53325 | ഫലവൃക്ഷ സുഗന്ധദ്രവ്യ കൃഷി പ്രോത്സാഹിപ്പിക്കൽ |

കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി നേട്ടങ്ങൾ വർധിപ്പിക്കുന്നതിനും സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതുമായിരിക്കണം നടപ്പിലാക്കപ്പെടുന്ന പദ്ധതികൾ. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നല്കുകയെന്നതാകണം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. ഉത്പാദനം, ഉത്പാദനക്ഷേമം എന്നിവ വർധിപ്പിക്കുക വഴി സുസ്ഥിരമായ സാമ്പത്തിക നേട്ടം കർഷകർക്ക് ഉണ്ടാകുന്ന രീതിയിലായിരിക്കണം പദ്ധതികൾ ആവിഷ്കരിച്ച് നിർവ്വഹണം ചെയ്യേണ്ടത്. പദ്ധതിമാർഗരേഖ സ.ഉ.കൈ നം.84/2022/LSGD തീയതി 19.04.2022 ഖ.3.1.2.13 ൽ അതത് വർക്കിങ്ങ് ഗ്രൂപ്പുകൾ പ്രോജക്ട് മോണിട്ടറിങ്ങ് നിർവ്വഹിക്കേണ്ടതാണെന്നും വർക്കിങ്ങ് ഗ്രൂപ്പ് പ്രോജക്ട് നിർവ്വഹണത്തിനു ശേഷം മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്നും നിഷ്കർഷിച്ചത് പാലിച്ചില്ല.

പഞ്ചായത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതികളിലൊന്നും തന്നെ അവയുടെ ഫലപ്രാപ്തി സംബന്ധിച്ച യാതൊരുവിധ അവലോകനവും നടത്തിയതായ റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾ സംബന്ധിച്ച അവലോകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും വരും വർഷങ്ങളിൽ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച ബന്ധപ്പെട്ട മോണിട്ടറിങ്ങ് കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടും കൂടി പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

## 1-33 ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങിയത് നിഷ്ഫലം

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം.06/23 പ്രകാരം 428193/- രൂപ ചെലവഴിച്ച് ഹരിതകർമ്മ സേനയുടെ ഉപയോഗത്തിനായി 22.03.2023 ൽ ഒരു PIAGGIO പിക്ക്അപ്പ് ഓട്ടോ(ഇലക്ട്രിക്) വാങ്ങി പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന്റെ ഷെഡിൽ സൂക്ഷിച്ചിട്ടുണ്ട്. വാഹനം 22.03.2023 ൽ ലഭിച്ചതാണെങ്കിലും08/08/2023 മുതൽ 13/10/2023 വരെ പുറത്ത് നിന്നും ഡ്രൈവറെ വച്ച് വാഹനം ഓടിച്ചു. എന്നാൽ അതിന് ശേഷം വാഹനം ഉപയോഗിച്ചിട്ടില്ല. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഒന്നുംതന്നെ ഡ്രൈവിംഗ് ലൈസൻസില്ലാത്തതാണ് വാഹനം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കിയിരിക്കുന്നത്. വാഹനം വാങ്ങൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് മുന്നേ തന്നെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തിയിരുന്നുവെങ്കിൽ ആയത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമായിരുന്നു. മാത്രമല്ല എം സി എഫിലേക്ക് വേസ്റ്റ് കൊണ്ടുവരുന്നതിന് ചെലവഴിക്കേണ്ടിവരുന്ന വാഹന വാടക ഒഴിവാക്കാമായിരുന്നു. വാഹനം ഫലപ്രദമായി ഉപയോഗിക്കുന്നതിന് വേണ്ട നടപടി പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-34 ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷം ലൈഫ് ഭവനപദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച് അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പരും | തുക കൈപ്പറിയ ആളുടെ പേരും വിലാസവും | തുക |
|---|---|---|---|
| 1 | ലൈഫ് ഭവനപദ്ധതി -ജനറൽ (77/23) | ആലീസ്<br>പാറച്ചുരവിൽ<br>മീൻകുഴ് | 40000 |
| | | ജെറീനാ ഷെറീഫ് | 40000 |

| | | | |
|---|---|---|---|
| | | മേലേ തുണ്ടിയിൽ<br>ചിറ്റാർ.പി.ഒ | |
| | | മേരിക്കുട്ടി<br>വല്യതറയിൽ<br>ചിറ്റാർ തെക്കേക്കര | 40000 |
| 2 | ലൈഫ് ഭവനപദ്ധതി -ജനറൽ (78/23) | രമ.എ.കെ<br>ആനക്കുഴിവിളയിൽ<br>അംബേദ്ക്കർ കോളനി<br>ചിറ്റാർ | 40000 |
| | | ശാന്ത.എ.കെ<br>നികരിമഠത്തിൽ<br>ചിറ്റാർ | 40000 |

അഡ്വാൻസ് തുക കൈപ്പറ്റിയ മുകളിൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഭവനനിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടരാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-35 ആവശ്യകത ഉറപ്പാക്കാതെ ഫോൾഡിംഗ് വോക്കർ വാങ്ങി

| | |
|---|---|
| പദ്ധതിയുടെ പേര്, പദ്ധതി നം | വയോജനങ്ങൾക്ക് വോക്കർ വിതരണം, 158/23 |
| അടങ്കൽ | 96000 |
| ചെലവ് | 52763 |
| ബിൽ നം, തീയതി | ബിൽ നം.22051152001801375935/16.03.23 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ വയോജനങ്ങൾക്ക് വോക്കർ വിതരണം എന്ന പദ്ധതിയിലുൾപ്പെടുത്തി കേരള സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്ന് 30 ഫോൾഡിംഗ് വോക്കർ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് പരിശോധിച്ചതിൽ 14 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. അവശേഷിക്കുന്നവ വിതരണം ചെയ്യാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക്(നം.33/28.11.2023) മറുപടിയായി, നിലവിലെ ഗുണഭോക്താക്കളിൽ അർഹരുടെ എണ്ണം പരിമിതമായിരുന്നെന്നും അവശേഷിക്കുന്ന 16 എണ്ണം വിതരണം ചെയ്യുന്നതിന് അഡീഷണൽ ലിസ്റ്റ് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയിൽ വിഷയം അവതരിപ്പിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ആവശ്യകത വിലയിരുത്താതെയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താതെയും പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയത് പദ്ധതി ആസൂത്രണത്തിലെ പിഴവാണ് കാണിക്കുന്നത്. അവശേഷിക്കുന്നവ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിതരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ആവശ്യകത ഉറപ്പുവരുത്തിയും ശരിയായ ആസൂത്രണത്തോടെയും വാങ്ങലിനായുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഭരണസമിതി ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-36 മരുന്ന വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് വിവിധ സർക്കാർ ഏജൻസികളിൽ തുക മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(A)** ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ 'ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ ' പദ്ധതി (പ്രോജക്ട് നം-29/23) പ്രകാരം 400000 രൂപ (ബിൽ നം.22051152001601178389/13.02.23) മുൻകൂറായി കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. 1,36,561 രൂപയുടെ മരുന്ന നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. അടിയന്തരമായി മരുന്ന ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതാണ്.

**(B)** മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതി (21/23) പ്രകാരം മരുന്ന വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 250000 രൂപ (ബിൽ നം.22051152001401283054/03.03.23) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം 93191 രൂപയുടെ മരുന്ന ലഭ്യമായിട്ടുണ്ട്.

അവശേഷിക്കുന്ന 156809 രൂപയ്ക്കുള്ള മരുന്ന് അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

ദുരന്തനിവാരണം, സദ്ഭരണം എന്നീ വിഷയങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം സർക്കാർ വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

**(A) വെതർ സ്റ്റേഷൻ**

കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിർദേശിക്കുന്നു . അതിനായി ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**(B) സദ്ഭരണ പദ്ധതി**

ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്. പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണേണ്ടതാണ്. സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി പരിഷ്കരിക്കേണ്ടതാണ്. സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് എന്നും നിർദ്ദേശിക്കുന്നു. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

## 1-38 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി- ചട്ടങ്ങൾ പാലിക്കുന്നില്ല

ഉയർന്ന ആയുർദൈർഘ്യവും ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളും ദീർഘകാല രോഗങ്ങളുടെയും മാറാരോഗങ്ങളുടെയും വാർദ്ധക്യസഹജമായ രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളുടെയും തോത് ഗണ്യമായി വർധിക്കുന്നതിന് കാരണമായിട്ടുണ്ട്. ഈ സാഹചര്യങ്ങളെ ക്രിയാത്മകമായി നേരിടുന്നതിന് വേണ്ടി രൂപീകൃതമായ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ടി 07.03.2019 ലെ സ.ഉ(സാധാ)നം. 553/2019 /ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പരിഷ്കരിച്ച് സർക്കാർ ഉത്തരവായി.

മേൽ പറഞ്ഞ മാർഗ്ഗരേഖ 2.9.1 പ്രകാരം പദ്ധതി നടത്തിപ്പിനായി ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

മാർഗ്ഗരേഖ 2.9.2 പ്രകാരം കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ മാസത്തേയും പ്രവർത്തനാവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗങ്ങളിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

മാർഗ്ഗരേഖ 2.9.3 പ്രകാരം എല്ലാ മാസവും ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗം തദ്ദേശഭരണ സ്ഥാപനങ്ങളിൽ വച്ച് നടത്തേണ്ടതാണ്. ഈ യോഗത്തിൽ ആയുഷ് ആശുപത്രിയുടെ പ്രവർത്തനങ്ങൾ, ആശാപ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്യുകയും ടി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും വേണം.

ചിറ്റാർ പഞ്ചായത്തിലെ പി എം സി 2022-23 വർഷത്തിൽ 05.08.2022, 31.03.2023 എന്നീ ദിവസങ്ങളിൽ മാത്രമാണ് കൂടിയിട്ടുള്ളത്. ഈ യോഗങ്ങളിൽ ഒന്നും തന്നെ വാർഷിക വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുകയോ അംഗീകാരം നേടുകയോ ചെയ്തിട്ടില്ല. പാലിയേറ്റീവ് രോഗീ സംഗമം നാളിതുവരെയായി പഞ്ചായത്തിൽ നടത്തിയിട്ടില്ല. വരും വർഷങ്ങളിൽ മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം പി എം സി പ്രവർത്തിക്കുന്നുവെന്ന് പഞ്ചായത്ത് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-39 ദുരിതാശ്വാസ നിധി കാര്യക്ഷമമല്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)ചട്ടം3 പ്രകാരം പേമാരി , വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാ രോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം3 (4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ഗ്രാമ പഞ്ചായത്തിൽ 2009 ൽ രൂപീകൃതമായ ദുരിതാശ്വാസനിധിയിൽ ആകെ 5526/- രൂപ മാത്രമാണുള്ളത്. പ്രകൃതി ക്ഷോഭങ്ങളുടെ ഇക്കാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രസക്തിയുണ്ട്. ചട്ടം നിർദ്ദേശിക്കുന്ന രീതിയിലൂടെ നിധിയിലേക്ക് ധനസമാഹരണം നടത്തേണ്ടതും നിധി ഉപയോഗിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. നിധിയെ സംബന്ധിച്ച വരവു-ചിലവു കണക്കുകൾ ഒരു ക്യാഷ് ബുക്കിലെഴുതേണ്ടതും വിശദാംശം രേഖപ്പെടുത്തുന്നതിന് ഒരു രജിസ്ററും,സബ്കമ്മിററി യോഗനടപടികൾക്ക് മിനിററ്സ് എഴുതി സൂക്ഷിക്കേണ്ടതുമാണ്.ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-40 കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (പ്രോജക്റ്റ് നം-157/23) എന്ന പദ്ധതി മുഖേന 398575 രൂപ ചെലവഴിച്ച് ഷാലോം വുഡ് ക്രാഫ്റ്റിംഗ്, കുമ്പളാംപൊയ്ക എന്ന സ്ഥാപനത്തിൽ നിന്നും ആകെ 149 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് വിവരം പരിശോധിച്ചതിൽ 145 എണ്ണം വിതരണം ചെയ്തതായി രേഖപ്പെടുത്തലുണ്ട്. അവശേഷിക്കുന്ന 4 എണ്ണം വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്യാത്തതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി(നം.33/28.11.2023) നല്കിയിരുന്നു. ഇതിന് മറുപടിയായി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുള്ളവർ അർഹത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ തരാതിരുന്നതിനാലാണ് കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാഞ്ഞതെന്നും, വിഷയം പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടുണ്ടെന്നും കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്നവ അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി സ്വീകരിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥന്റെയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധക്ഷണിക്കുന്നു.

## 1-41 അഗതിരഹിത കേരളം പദ്ധതി- പൂർണ്ണമായും ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളെയും, നിലവിലെ ആശ്രയ കുടുംബങ്ങളെയും തുടർന്നും സേവനം ആവശ്യമുള്ള ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് അഗതിരഹിത കേരളം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജനറൽ വിഭാഗത്തിൽ 55 ഗുണഭോക്താക്കളും പട്ടിക വർഗ വിഭാഗത്തിൽ 10 ഗുണഭോക്താക്കളുമാണ് ഉള്ളത്. പദ്ധതി പ്രകാരം രണ്ട് വിഭാഗങ്ങളിലെയും എല്ലാ ഗുണഭോക്തക്കൾക്കും നിശ്ചിത ഇടവേളകളിൽ കൃത്യമായും ഭക്ഷണസാമഗ്രികൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പൊതു വിഭാഗത്തിൽ ഇനിയും 18 പേർക്ക് വീട് പുനരുദ്ധാരണം, 4 ഗുണഭോക്താക്കൾക്ക് കുടിവെള്ളം, 2 ഗുണഭോക്താക്കൾക്ക് വീട് വെയ്ക്കുവാൻ ഭൂമി എന്നിവ ലഭ്യമാക്കാനുണ്ട്. പട്ടിക വർഗ വിഭാഗത്തിൽ ഏതാണ്ട് എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാനായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

എ) ജനറൽ വിഭാഗം

| ക്രമ നം | ആവശ്യം | ഗുണഭോക്താക്കൾ | ലക്ഷ്യം കൈവരിച്ചവർ | ഇനിയും ലഭിക്കാനുള്ളവർ |
|---|---|---|---|---|
| 1 | ഭക്ഷണം | 55 | 55 | 0 |
| 2 | വീട് | 4 | 0 | 4 |
| 3 | ഭവനപുനരുദ്ധാരണം | 25 | 7 | 18 |
| 4 | കുടിവെള്ളം | 4 | 0 | 4 |
| 5 | കക്കൂസ് | 1 | 0 | 1 |
| 6 | ഭൂമി വാങ്ങൽ | 2 | 0 | 2 |
| 7 | സ്വയം തൊഴിൽ | 5 | 0 | 5 |

ബി) പട്ടികവർഗ വിഭാഗം

| ക്രമ നം | ആവശ്യം | ഗുണഭോക്താക്കൾ | ലക്ഷ്യം കൈവരിച്ചവർ | ഇനിയും ലഭിക്കാനുള്ളവർ |
|---|---|---|---|---|
| 1 | ഭക്ഷണം | 10 | 10 | 0 |
| 2 | ഭവനപുനരുദ്ധാരണം | 8 | 8 | 0 |
| 3 | കക്കൂസ് | 1 | 1 | 0 |
| 4 | കുടിവെള്ളം | 3 | 3 | 0 |
| 5 | സ്വയം തൊഴിൽ | 2 | 0 | 2 |

ഇരു വിഭാഗം അക്കൗണ്ടിലും ചലഞ്ച് ഫണ്ടിലും പ്ലാൻ ഫണ്ടിലും ആവശ്യത്തിന് തുക അവശേഷിക്കുന്നുണ്ട്. ജനറൽ വിഭാഗത്തിന്റെ പലിശ ഉൾപ്പെടെയുള്ള നിലവിലെ അക്കൗണ്ട് ബാലൻസ് 2836417.50/- രൂപയും പട്ടിക വർഗ വിഭാഗത്തിന്റെ പലിശ ഉൾപ്പെടെയുള്ള നിലവിലെ അക്കൗണ്ട് ബാലൻസ് 1399727/- രൂപയുമാണ്. വരും വർഷം പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 വാതിൽപ്പടി സേവനത്തിനായി വാങ്ങിയ ലാപ്ടോപ്പ് സ്റ്റോക്കിലെടുത്ത് ഉപയോഗപ്രദമാക്കേണ്ടതാണ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ വാതിൽപ്പടി സേവനം(പ്രോജക്ട് നം-161/23) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 48,276/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്ന് ഒരു ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. ലാപ്ടോപ്പിന്റെ നിലവിലെ കസ്റ്റോഡിയൻ ആരെന്നും, വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ അറിയിക്കുന്നതിനും ഓഡിറ്റ് എൻക്വയറി(നം.33/28.11.2023) നല്കിയിരുന്നു. ഇതിന് മറുപടിയായി ലാപ്ടോപ്പ് സ്റ്റോക്കിലെടുക്കാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണെന്നും വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ചെയ്യുന്നത് അസിസ്റ്റന്റ് സെക്രട്ടറിയാണെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ചെയ്യുന്ന നിർവഹണ ഉദ്യോഗസ്ഥൻ ലാപ്ടോപ്പ് സ്റ്റോക്കിലെടുക്കേണ്ടതും മസ്റ്ററിംഗ് ഉൾപ്പെടെയുള്ള ജോലികൾക്ക് പ്രയോജനപ്രദമാക്കേണ്ടതുമാണ്.

## 1-43 എസ് എസ് കെ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

എസ്.എസ്.കെ പ്രവർത്തനങ്ങൾക്കായി ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം. 23/2023 (ജനറൽ-510692/-രൂപ), പ്രോജക്ട് നം. 24/2023 (എസ്.സി.പി-200000രൂപ),പ്രോജക്ട് നം-25/2023 (റ്റി.എസ്.പി-100000/-രൂപ) എന്നിവ പ്രകാരം 810692/- രൂപ എസ്.എസ്.കെയ്ക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതായി എസ്.എസ്.കെ യിൽ നിന്നും രസീതും ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലേക്ക് വേണ്ടി വരുന്ന വിവിധയിനം ചെലവുകളുടെ എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം എസ്.എസ്.കെ ബ്ലോക്ക് കോർഡിനേറ്റർ ഗ്രാമപഞ്ചായത്തിലേക്ക് അയച്ചു നല്കുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറുന്നത്. എന്നാൽ അപ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ഒടുക്ക് വരുത്തിയ മേൽ തുകകളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ തദ്ദേശസ്ഥാപനങ്ങളെ അറിയിക്കുന്നതിനുള്ള ബാധ്യത എസ്.എസ്.എയ്ക്കുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് നല്കിയ തുകയ്ക്ക് ആനുപാതികമായി ലഭിക്കേണ്ടിയിരുന്ന പ്രവർത്തനങ്ങൾ എസ്.എസ്.കെ യിൽ നിന്നും ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-44 പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട്(നം.51/23) പ്രകാരം ഹരിത കർമ്മസേനയ്ക്ക് 250 സ്റ്റീൽ പ്ലേറ്റുകളും 250 സ്റ്റീൽ ഗ്ലാസുകളും വാങ്ങിയതിന് 50,000 /- രൂപ ചെലവഴിച്ചിട്ടുള്ളതാണ്(ബിൽ നം-22051 15200 110479808, 25.3.23). പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് പ്ലേറ്റ്, ഗ്ലാസ് എന്നിവ വാടകയ്ക്ക് നൽകി ഹരിത കർമ്മസേനയ്ക്ക് വരുമാനം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് നടപ്പിലാക്കിയത്. എന്നാൽ 25.03.23 ൽ പ്ലേറ്റുകളും ഗ്ലാസുകളും വാങ്ങി ഹരിത കർമ്മസേനയ്ക്ക് നൽകിയെങ്കിലും ആകെ 300/- രൂപ മാത്രമാണ് എട്ടു മാസക്കാലയളവിൽ വാടകയായി ലഭിച്ചിട്ടുള്ളത്. പ്ലേറ്റ് ഒന്നിന് രണ്ടു രൂപയും ഗ്ലാസ്സ് ഒന്നിന് ഒരു രൂപയുമാണ് വാടക നിശ്ചയിച്ചിട്ടുള്ളത്. പ്രാദേശികമായിട്ടുള്ള ആവശ്യകത മനസ്സിലാക്കാതെയും പൊതുജനത്തെ അറിയിയിക്കാതെയും പ്രോജക് നടപ്പിലാക്കിയതു മൂലമാണ് പ്രോജക്ട് ലക്ഷ്യം ഫലപ്രാപ്തിയിലെത്താതിരുന്നത്. പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന സ്പെസിഫിക്കേഷൻ അവലംബിച്ചു - 18691 രൂപയുടെ അധികചെലവ്

ഓഡിറ്റ് വർഷം നടപ്പിലാക്കിയ റോഡ് റീ കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കാരണം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. നിലവിലുള്ള കോൺക്രീറ്റ് റോഡുകൾ പോട്ട്ഹോൾ ഫില്ല് ചെയ്ത് 5 സെ.മീറ്റർ മുതൽ 7.5 സെ.മീറ്റർ കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തുന്നതിന് DSR കോഡ് 75.8.1.1.A പ്രകാരമുള്ള ഫോംവർക്ക് ഉൾപ്പെടാത്ത സ്പെസിഫിക്കഷനാണ് ആവലംബിക്കേണ്ടത്. എന്നാൽ ഇവിടെ 75.8.1.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരമാണ് റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ഇതിന് അനുവദിച്ച നിരക്കിൽ ഫോംവർക്കിനുള്ള 4% തുക കൂടി ഉൾപ്പെടുന്നു. ഇപ്രകാരം തെറ്റായ സ്പെസിഫിക്കേഷൻ അവലംബിച്ചതുമൂലം നാല് പ്രവൃത്തികളിലായി സർക്കാർ ഫണ്ടിന് 18691 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-23 ആയി ചേർത്തിട്ടുണ്ട്.

### 3-2 ബോണ്ട് സ്റ്റോൺ ഉപയോഗിച്ച് പാർശ്വഭിത്തി നിർമ്മാണം- അധികമായി തുക അനുവദിച്ച് നൽകി

**2022-23** സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് (DR Masonry) Bond Stone ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള സ്പെസിഫിക്കേഷനും (DSR 75.7.1) നിരക്കുമാണ് അവലംബിച്ചിട്ടുള്ളതേ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള Bond Stone ഈ പ്രവൃത്തികൾക്കൊന്നുംതന്നെ ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി.Bond Stone ഉപയോഗിച്ചുള്ള നിർമ്മാണത്തിന് 5988.21/cum നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ Bond Stone ഉപയോഗിക്കാതെയുള്ള സാധാരണ പാറകെട്ടിന് 5047.6/cumനിരക്കാണ് അനുവദനീയമായിട്ടുള്ളത്. ഇപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിലൂടെ ഏഴ് പ്രവൃത്തികളിലായി 213688 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-21 ആയി ചേർത്തിട്ടുണ്ട്.

### 3-3 കമ്മ്യൂണിറ്റി സോക്ക് പിറ്റ് സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചിറ്റാർ മാർക്കറ്റിലും പഞ്ചായത്ത് ഓഫീസ് പരിസരത്തും കമ്മ്യൂണിറ്റി സോക്ക് പിറ്റ് സ്ഥാപിക്കൽ (200/22, 60/23) |
| അടങ്കൽ | 120000- സി.എഫ്.സി ഗ്രാന്റ്<br>280000- ശുചിത്വ മിഷൻ ഫണ്ട്<br>ആകെ- 400000/- |
| കരാറുകാരൻ | ശ്രീ സി.എം. മോനച്ചൻ |
| എഗ്രിമെന്റ് നം. | 40/AE/LSGD/CTR/2021-22 Dated 26-02-2022 |
| PAC | 356843 + 12% Gst ( .01% Below) |
| എം.ബുക്ക് നം. | 40 A/21-22 |
| പ്രവൃത്തി മൂല്യം | 295181<br>(.01% Below) |
| കരാറുകാരൻ | സി.എം മോനച്ചൻ |
| ചെലവ് തുക, ബിൽ നം., തീ. | 209829/- Paid On 19-08-2023<br>119997/- Paid On 02-08-2022 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എൻജിനീയർ |

ഗ്രാമപഞ്ചായത്തിലെ പബ്ലിക് മാർക്കറ്റിലും പഞ്ചായത്ത് പരിസരത്തും മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി ഓട നിർമ്മിച്ച് സോക്പിറ്റ് വഴി നിർമ്മാർജ്ജനം ചെയ്യുന്നതിനായിട്ടാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പരിസരത്ത് വെറ്ററിനറി ആശുപത്രിക്ക് മുൻപിലായി നിർമ്മിച്ചിരിക്കുന്ന ഓടയും സോക്പിറ്റും വെള്ളം ഒഴുക്കിക്കൊണ്ട് പോകുന്ന രീതിയിലല്ല നിർമ്മിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഓട ആരംഭിക്കുന്നത് നാലു മീറ്റർ വീതിയുള്ള ടാർ റോഡിൽ നിന്നും രണ്ടു മീറ്റർ ദൂരത്തിലാണ്. ടാർ റോഡിന്റെ ചരിവ് മറു വശത്തേക്ക് ആയതിനാൽ വെള്ളം റോഡിൽ നിന്നും ഈ ഓടയുടെ ഭാഗത്തേക്ക് എത്തുന്നില്ല, മറുവശത്തേക്കാണ് വെള്ളം ഒഴുകിപോകുന്നത്. പഞ്ചായത്ത് ഓഫീസ് പരിസരത്ത് നിന്ന് വെള്ളം ഒഴുക്കികൊണ്ട് പോകുന്ന രീതിയിലല്ല ഓട നിർമ്മാണം. യഥാർത്ഥത്തിൽ ഈ ഓടയുടെ നിർമ്മാണം കൊണ്ട് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ടി നിർമ്മാണത്തിനായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവൃത്തി മൂല്യം 207461 രൂപയാണ് .

നിലവിലുള്ള ഓടയും സോക്ക്പിറ്റും മലിനജലം ഒഴുക്കികളയുന്നതിന് പര്യാപ്തമല്ല. അശാസ്ത്രീയമായ നിർമ്മാണം മൂലം, പ്രധാന പാതയിൽ നിന്നോ പഞ്ചായത്ത് ഓഫീസ് പരിസരത്ത് നിന്നോ വെള്ളം നിലവിലുള്ള സംവിധാനത്തിലെത്തുന്നില്ല. പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ഗുരുതരമായ പാളിച്ചകൾ ഉണ്ടായി. നിലവിലുള്ള സംവിധാനത്തിൽ കാതലായ മാറ്റം വരുത്തിയെങ്കിൽ മാത്രമെ പ്രയോജനം ലഭ്യമാകുകയുള്ളൂ. എന്നാൽ ആയതിന് ആവശ്യമായ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചില്ലായെന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ നിന്നും വ്യക്തമാണ്. നിലവിലെ സാഹചര്യത്തിൽ പദ്ധതി നിഷ്ഫലമായി തുടരുന്നതിനാൽ പ്രസ്തുത നിർമ്മാണത്തിനായി ചെലവഴിച്ച 224037 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1- 22 ആയി ചേർത്തിട്ടുണ്ട്.

## 3-4 കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിന് സ്റ്റാന്റും പൈപ്പും - 2.52 ലക്ഷം രൂപയുടെ പാഴ്ച്ചെലവ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിന് സ്റ്റാന്റും പൈപ്പും ( 97/22, 48/23) |
| അടങ്കൽ | 266200 (എസ്.സി.പി ഫണ്ട്) |
| കരാറുകാരൻ | ശ്രീ സജയകുമാർ |
| എഗ്രിമെന്റ് നം. | 52/AE/LSGD/CTR/2021-22 Dated 10-03-2022 |
| PAC | 233258 + 12% Gst |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 20-02-2023 |
| എം.ബുക്ക് നം. | 52 A/21-22 |
| പ്രവൃത്തി മൂല്യം | 233258/- (,01% Below) |
| കരാറുകാരൻ | സജയകുമാർ.കെ |
| ചെലവ് തുക, ബിൽ നം., തീ. | 261223/- 22051152001900094525/11-05-2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എൻജിനീയർ |

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ കോളനികളിൽ 283500 രൂപ ചെലവഴിച്ച് 5000 ലിറ്ററിന്റെ നാല് വാട്ടർടാങ്ക് വാങ്ങി നൽകിയിരുന്നു. വാട്ടർ ടാങ്കുകൾക്ക് സ്റ്റാന്റും പൈപ്പും സ്ഥാപിച്ച് കോളനി നിവാസികൾക്ക് കുടിവെള്ളം സുഗമമായി ലഭ്യമാക്കുന്നതിനായാണ് 2022-23 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുകളിൽ പറഞ്ഞത്പ്രകാരം പ്രോജക്ട് തയ്യാറാക്കി പദ്ധതിപ്പണം ചെലവഴിച്ചത്

പാമ്പിനി കോളനി (വാർഡ് 2), കോതാട്ടുപാറ (വാർഡ് 5), കട്ടച്ചിറ (വാർഡ് 11), പത്തേക്കർ കോളനി (വാർഡ് 12) എന്നീ കോളനികളിൽ മുൻപ് നൽകിയിട്ടുള്ള വാട്ടർ ടാങ്ക് തറയിലാണ് വച്ചിരുന്നത്. 2017-18 വർഷം നൽകിയതായിരുന്നെങ്കിലും കോളനി നിവാസികൾക്ക് പ്രയോജനപ്പെട്ടിരുന്നില്ല. ഇരുമ്പ് സ്റ്റാന്റുകൾ സ്ഥാപിച്ച് ആയത് തറയിൽ കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കുകയും അതിന്മേൽ സ്റ്റാന്റ് സ്ഥാപിച്ച് ടാങ്ക് വക്കുകയും അതിൽ നിന്നും പൈപ്പ് ഇട്ട് ടാപ്പ് സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് എം.ബുക്ക് പ്രകാരം അളവ് രേഖപ്പെടുത്തിയിട്ടുള്ളത്.

കറാറുകാരന് തുക നൽകിയെങ്കിലും പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ലായെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ

ബോധ്യപ്പെട്ടിട്ടുണ്ട്. സ്ററാന്റുകൾ നിർമ്മിച്ചുവെങ്കിലും സ്റ്റാന്റ് തറയിൽ ഉറപ്പിച്ച് കോൺക്രീറ്റിംഗ് നടത്തുകയോ വെള്ളം ലഭിക്കുന്നതിന് ആവശ്യമായ രീതിയിൽ പൈപ്പുകൾ ഇട്ട് ടാപ്പ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. കട്ടച്ചിറ കോളനിയിൽ ടാങ്ക് സ്ഥാപിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ്. ഓഡിറ്റ് ഭൗതിക പരിശോധനക്കായി ചെന്ന അവസരത്തിൽ പ്രയോജനമില്ലാത്ത ടാങ്കും സ്റ്റാന്റും തന്റെ സ്ഥലത്തുനിന്നും നീക്കം ചെയ്യണമെന്ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. കോതാട്ടുപാറ കോളനിയിൽ സ്റ്റാന്റും ടാങ്കും രണ്ട് സ്ഥലത്തായാണ് വച്ചിരിക്കുന്നത്. മറ്റ് രണ്ട് കോളനികളിലും സ്റ്റാന്റ് വച്ച് അതിന് മുകളിൽ ടാങ്ക് സ്ഥാപിച്ചതല്ലാതെ എം.ബുക്കിൽ രേഖപ്പെടുത്തിയ മറ്റ് പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. നാല് കോളനികളിലും സ്റ്റാന്റ് നിർമ്മിച്ച് വച്ചതല്ലാതെ എം.ബുക്കിൽ രേഖപ്പെടുത്തിയ മറ്റ് യാതൊരു പ്രവർത്തനങ്ങളും നടത്തിയില്ല. ഫലത്തിൽ നാല് കോളനികളിലെയും കോളനി നിവാസികൾക്ക് നിലവിലും ടാങ്കിൽ നിന്നും വെള്ളം ലഭിക്കുന്നില്ല.

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രസ്തുത അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് എൻജിനീയർ അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.26/23 തീയതി 27-11-2023) മറുപടി ലഭ്യമാക്കിയില്ല. എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലും പ്രോജക്ട് ഫലപ്രാപ്തിയിലെത്താത്തതിനാലും ചെലവ് തുകയായ 251895 രൂപ പാഴായി. വിശദാംശങ്ങൾ ഖണ്ഡിക 1-20 ആയി ചേർത്തിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 300000 | ഇടവിള കൃഷി വനിത,297/23 | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 117/23 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ഞങ്ങളും കൃഷിയിലേക്ക് സമഗ്ര ഇടവിള കൃഷി, 165/23 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 132000 | ഞങ്ങളും കൃഷിയിലേക്ക് സമഗ്ര വാഴ കൃഷി, 166/23 | 132000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 600000 | ഇടവിള കൃഷി വനിത,297/23 | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ലൈഫ് എസ് സി, 34/23 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | ലൈഫ് ജനറൽ, 33/23 | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 305462 | ലൈഫ് എസ് റ്റി, 14/23 | 305462 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2646500 | ലൈഫ് എസ് റ്റി, 35/23 | 2646500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 180891 | അംഗനവാടി പോഷകാഹാരം, 10/23 | 180891 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, 162/23 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 478748 | കോതയാട്ടുപാറ അംഗനവാടി നിർമ്മാണ്, 42/23 | 478748 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 117/23 | 400000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് ചുവടെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് (യൂട്ടിലൈസേഷൻ ലഭിച്ചിട്ടുള്ളത്) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | 234/2023 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ് 5,6,8 | 450000 | -- | 450000 |
| | 301/2023 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 61673 | -- | 61673 |
| | 233/2023 ശബരിമല പാതകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ – ചിറ്റാർ സീതത്തോട് റോഡ് | 199224 | -- | 199224 |
| | 75/2023 വാവോലി കണ്ടത്തിൽപ്പടി തങ്കത്താപ്പടി റോഡിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22856 | -- | 22856 |
| കേരള വാട്ടർ അതോറിറ്റി | 74/2023 കൊല്ലംപടി കുമരംകുന്ന് മുകൾഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 49731 | -- | 49731 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബിക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 8192392 | 6962040 | 1634330 | 0 | 5327710 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 – 2012-13 | 3-17 | 2014-15 | 4.1.14 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രീയം. മാലിന്യങ്ങൾ കുമിഞ്ഞു കൂടുന്നു | പരാമർശം നിലനിൽക്കുന്നു |
| 2011-12 – 2012-13 | 3-14(iii) | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു | പരാമർശം നിലനിൽക്കുന്നു |
| 2011-12 – 2012-13 | 3-14 (I) | 2014-15 | 4.1.6 | അടഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | (റസീറ്റ് & പേയ്മെന്റ് പ്രകാരം) | (ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം) |
|---|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 78481010 | 147689365 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 46070972 | 151576904 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 40376 | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | **708311** | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24000 | |

**പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-19 | 40376 | | ശ്രീ രാഘവൻ പിസി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | | 251895 | ശ്രീ രാഘവൻ പിസി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-21 | | 213688 | ശ്രീ രാഘവൻ പിസി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | | 224037 | ശ്രീ രാഘവൻ പിസി, അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 1-23 | | 18691 | ശ്രീ രാഘവൻ പിസി, അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **40376** | **708311** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 24000 | ശ്രീ രാഘവൻ പിസി, അസിസ്റ്റന്റ് എഞ്ചിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രാഘവൻ പിസി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, സീതത്തോട് ഗ്രാമപ്പഞ്ചായത്ത് | വൈകുണ്ഠം, പുത്തനമ്പലം പി.ഒ., കടമ്പനാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി4/974/07 തീയതി 13.06.2008 | 2 (ഖ.2-1, 2-2) |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.3/975/07 തീയതി 13.06.08 | 2 (ഖ.2-1, 2-2) |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/976/07 തീയതി 10.07.08 | 1 (ഖ.2-1) |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/37/02 തീയതി 31.05.02 | 2 (ഖ.24, 26) |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.4/384/07 തീയതി 10.07.08 | 1 (ഖ.2-1) |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/384/03 തീയതി 10.12.2003 | 3 (ഖ.21, 38, 41-2) |
| 2001-02 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി.4/978/07 തീയതി 10.7.2008 | 4 (ഖ.2-1, 2-2, 2-3, 2-4) |
| 2001-02 ജനകീയാസൂത്രണം | എൽ.എഫ്.പി.റ്റി.എ.പി.4/523/04 തീയതി 01.02.2005 | 4 (ഖ. 14, 16, 22,23) |
| 2001-02 ചെലവ് | എൽ.എഫ്.പി.റ്റി.എ.പി.4/576/06 | 3 (ഖ.2-10, 2-12, 2-14) |

| | | |
|---|---|---|
| | തീയതി 05.10.2006 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.4/113/08 തീയതി 04.11.2008 | 2 (ഖ.2-4, 3-10) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി5/705/08 തീയതി 12.05.2009 | 15 (ഖ. 2-1(a), 2-3, 3-3, 3-7, 3-10, 3-11,<br>3-16, 3-17, 3-22, 3-23, 3-24, 3-25, 3-26,<br>3-27, 3-28) |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി5/744/08 തീയതി 31.07.2009 | 25 (ഖ.2-1, 2-3, 2-5, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-12, 3-14, 3-15,3-16,3-22,3-23,3-24,3-25,3-27, 3-28,3-29,3-30,3-31,3-32) |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.8/840/11 തീയതി 07.12.2011 | 2 (ഖ.3-13, 3-14) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.8/841/11 തീയതി 07.09.2011 | 5 (ഖ.2-2, 2-3, 3-2(1), 3-2(2), 3-4) |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ. പി6/779/14 തീയതി 03.12.2014 | 4 (ഖ.3-3, 3-4, 3-5, 3-7) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.12/1284(a) /2016, തീ. 03.12.2016 | 5 (2-1, 2-4, 2-13, 3-20, 3-21) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.12/1094 /2017, തീ. 10.10.2017 | 11 (2-2, 3-5, 3-6, 3-7(a), 3-9, 3-14, 3-15, 3-19, 3-24, 3-32, 3-33 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.3/133 /2019, തീ. 06.03.2019 | 17 (2-3, 2-4(a), 2-8, 2-11, 2-13, 2-14, 3-1, 3-2, 3-6(a), 3-6(b), 3-7(a), 3-8, 3-9, 3-17, 3-18,4-2) |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി13 /731/2019, തീ. 16.09.2019 | 26 (1-11,2-5,2-6, 2-7, 2-9, 2-10, 3-1, 3-3, 3-6, 3-9, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-20, 3-21, 3-22, 3-23, 3-24, 3-26, 3-27, 3-28, 3-32) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി4-307/22, തീ. 25/03/2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി4/547/21, തീ. 12/07/2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി4/229/23, തീ. 30/03/2023 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട ജില്ല

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number II dated 21-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the CHITTAR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of CHITTAR Grama Panchayat for the year 2022-2023

**Date: 14/12/2023**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of CHITTAR Grama Panchayat for the Year 2022-2023 .

**1.Major Observations**

Valuation of assets is not accurate

**2.Other Observations**

1. Mandatory financial schedules are not included with AFS
2. Net increases in cashflow doesnot match with-(2654482) the difference between Opening Balance and Closing Balance of cash and cash equivalents(916964).
3. Property Tax- Demand registers doesnot match with AFS
4. Lapses is making timely and accurate demand entries of Tax and Nontax Revenues.
5. CFC grant- Closing balance of bank account doesnot match with Schedule B4 balance
6. Deposit register is not periodically reconciled with accounts.

7. Schedule B11 (e)- advances given for deposit works wrongly accounted as assets. The balance amount in the finance commission grant as per schedule B4 does not match with the balance amount in the respective bank account

8. Schedule B-18 (A)(a)-Lack of authenticated entries for regularising the amount given to Gramalakshmi towards receipt printing charge.

(a) Advances given to various implementing officers were not regularised(Rs.242722/-)

(b) Amount used for assets creations were not transferred to capital contribution and treated as revenue income.

9. Demand registers of profession tax doesnot match with AFS.

10. Schedule B-15- Rent arrears doesnot match with AFS

11.Profession Tax-Demand and Collection does not match the figures in Annual Accounts

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്